

ടൈംസ് ഓഫ് അമേരിക്ക
TIMES of AMERICA

2026 നവംബർ 15 – 30
Volume XX Issue 21

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക



Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111



പ്രസിഡന്റ് സ്ഥാനത്തേക്ക് മുൻ നാസ ബഹിരാകാശ സഞ്ചാരി മാർക്ക് കെല്ലി ആലോചനയിൽ

– അനിൽ മറ്റത്തിക്കുന്നേൽ



വാഷിങ്ടൺ: അമേരിക്കയിൽ 2028ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള രാഷ്ട്രീയ നീക്കങ്ങൾ സജീവമാകുന്നതിനിടെ, മുൻ നാസ ബഹിരാകാശ സഞ്ചാരിയും അരിസോണയിൽനിന്നുള്ള ഡെമോക്രാറ്റിക് സെനറ്ററുമായ മാർക്ക് കെല്ലി പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നു. നവംബർ മൂന്നിന് നടന്ന ഇടക്കാല തിരഞ്ഞെടുപ്പിനുശേഷം ഡെമോക്രാറ്റിക് പാർട്ടിയുടെ അടുത്ത പ്രസിഡന്റ് സ്ഥാനാർത്ഥി ആരാകുമെന്ന ചർച്ചകളിൽ കെല്ലിയുടെ പേരും ശ്രദ്ധേയമായി ഉയർന്നുവരികയാണ്.

2026 ഒക്ടോബർ 28ന് മെയിൻ സംസ്ഥാനത്ത് നടന്ന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിക്കിടെ, 2028ൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടെന്ന് കെല്ലി വ്യക്തമാക്കിയിരുന്നു. ഇടക്കാല തിരഞ്ഞെടുപ്പിനുശേഷം ഉചിതമായ സമയത്ത് തീരുമാനം പ്രഖ്യാപിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. എന്നാൽ നവംബർ ഏഴുവരെ പ്രസിഡന്റ് സ്ഥാനാർത്ഥിത്വം ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല.

അമേരിക്കൻ നാവികസേനയിൽ യുദ്ധവിമാന പൈലറ്റായി സേവനമനുഷ്ഠിച്ച അദ്ദേഹം പിന്നീട് നാസയുടെ ബഹിരാകാശ സഞ്ചാരിയായി. നാല് സ്പേസ് ഷട്ടിൽ ദൗത്യങ്ങളിലൂടെ ബഹിരാകാശത്ത് സഞ്ചരിച്ച കെല്ലി, അന്താരാഷ്ട്ര ബഹിരാകാശ നിലയവുമായി ബന്ധപ്പെട്ട ദൗത്യങ്ങളിലും നിർണായക പങ്കുവഹിച്ചു.

ഇടക്കാല തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് തിരിച്ചടി നേരിട്ടെങ്കിലും നാടുകടത്തൽ തുടരുമെന്ന് മാർക്ക്വെയ്ൻ മുള്ളിൻ

– പി. പി ചെറിയാൻ



വാഷിംഗ്ടൺ: യു.എസ് ഇടക്കാല തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടി വിജയം നേടിയെങ്കിലും അനധികൃത കുടിയേറ്റക്കാരെ നാടുകടത്തുന്നത് തുടരുമെന്ന് യു.എസ് ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി മാർക്ക്വെയ്ൻ മുള്ളിൻ വ്യക്തമാക്കി. 'നാടുകടത്തൽ തുടരും' എന്ന് അദ്ദേഹം സോഷ്യൽ മീഡിയയിൽ കുറിച്ചു.

തിരഞ്ഞെടുപ്പിൽ യു.എസ് കോൺഗ്രസിന്റെ ഇരു സഭകളിലും ഡെമോക്രാറ്റുകൾ ഭൂരിപക്ഷം നേടിയിരുന്നു. ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റിന്റെ ഫണ്ട് തടയുന്നതിനും അധികാരം പരിമിതപ്പെടുത്തുന്നതിനും ഡെമോക്രാറ്റുകൾ നീക്കം നടത്തുമ്പോഴും, വൈറ്റ് ഹൗസ് ഇതിനെ വീറ്റോ അധികാരം ഉപയോഗിച്ച് ചെറുക്കാനാണ് സാധ്യത.

ഇതുവരെ 6,05,000ത്തിലധികം അനധികൃത കുടിയേറ്റക്കാരെ നാടുകടത്തിയതായും, 19 ലക്ഷത്തോളം പേർ സ്വയം രാജ്യംവിട്ടതായും വൈറ്റ് ഹൗസ് അറിയിച്ചു.

തൃശ്ശൂരിൽ നിന്ന് ലോസ് ഏഞ്ചൽസ് സിറ്റി ഹാളിലേക്ക്: നിത്യ രാമൻ പുതിയ മേയർ



ലോസ് ഏഞ്ചൽസ്: കേരളത്തിലെ തൃശ്ശൂരിൽ വേരുകളുള്ള നിത്യ രാമൻ ലോസ് ഏഞ്ചൽസ് നഗരത്തിന്റെ പുതിയ മേയറായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ഉയർന്ന പദവിയിലെത്തുന്ന ആദ്യത്തെ ദക്ഷിണേന്ത്യക്കാരിയും ഏഷ്യൻ വംശജയുമാണ് അവർ.

തൃശ്ശൂരിലെ അയ്യർ കുടുംബത്തിൽ ജനിച്ച ഈ തമിഴ് ഇന്ത്യൻ അമേരിക്കൻ വനിതക്ക് ആറ് വയസ്സുള്ളപ്പോഴാണ് കുടുംബം അമേരിക്കയിലെ ലൂസിയാനയിലേക്ക് ചേക്കേറിയത്. പിന്നീട് ഇവർ മസാച്ച്യുസെറ്റ്സിലെ ബർലിംഗ്ടണിൽ സ്ഥിരതാമസമാക്കുകയായിരുന്നു.

കുട്ടിക്കാലത്ത് തന്നെ കുടുംബത്തോടൊപ്പം അമേരിക്കയിലേക്ക് കുടിയേറിയെങ്കിലും നിത്യ രാമന്റെ കുടുംബത്തിന്റെ വേരുകൾ തൃശ്ശൂരിലാണ് ഉള്ളത്. മികച്ച വിദ്യാഭ്യാസം നേടിയ നിത്യ അർബൻ പ്ലാനിങ് രംഗത്താണ് തന്റെ കരിയർ കെട്ടിപ്പടുത്തത്. 2003ൽ പ്രശസ്തമായ ഹാർവാർഡ് സർവകലാശാലയിൽ നിന്ന് സോഷ്യൽ സ്റ്റഡീസിൽ ബിരുദം നേടിയ അവർ, 2008ൽ മാസാച്ച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് അർബൻ പ്ലാനിംഗിൽ ബിരുദാനന്തര ബിരുദവും പൂർത്തിയാക്കി. തന്റെ 22-ാം വയസ്സിലാണ് നിത്യ അമേരിക്കൻ പൗരത്വം നേടുന്നത്.

പാസ്പോർട്ട്: ഒറ്റത്തവണ ഇളവ് പ്രഖ്യാപിച്ച് ഇന്ത്യൻ കോൺസുലേറ്റ്

ന്യൂയോർക്ക്/ഹൂസ്റ്റൺ: ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ കാർഡ് ഉടമകൾക്ക് വലിയ ആശ്വാസം നൽകിക്കൊണ്ട്, പാസ്പോർട്ട് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിലെ കാലതാമസത്തിന് ഈടാക്കിയിരുന്ന പിഴത്തുകയിൽ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ (ഹൂസ്റ്റൺ) ഒറ്റത്തവണ ഇളവ് പ്രഖ്യാപിച്ചു.

പുതിയ പാസ്പോർട്ട് ലഭിച്ച് 90 ദിവസത്തിനകം ഇഒസിഐ പോർട്ടൽ വഴി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്നാണ് നിലവിലെ നിയമം. ഈ കാലാവധി കഴിഞ്ഞു നൽകുന്ന അപ്ഡേറ്റുകൾക്ക് 25 യു.എസ് ഡോളർ പിഴ ഈടാക്കുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. ഈ പിഴത്തുകയിൽ നിന്നാണ് ഇപ്പോൾ ഔദ്യോഗികമായി ഇളവ് അനുവദിച്ചിരിക്കുന്നത്.

2026 ഒക്ടോബർ 31 വരെ കെട്ടിക്കിടക്കുന്ന അപേക്ഷകൾക്ക് 25 ഡോളർ പിഴയിൽ നിന്ന് പൂർണ്ണമായും ഒറ്റത്തവണ ഇളവ് ലഭിക്കുന്നതാണ്.

2026 നവംബർ 1 മുതൽ 2026 ഡിസംബർ 31 വരെ സമർപ്പിക്കുന്ന പാസ്പോർട്ട് അപ്ഡേറ്റ് അപേക്ഷകൾക്കും ഈ പിഴ ബാധകമായിരിക്കുന്നതല്ല.

ഈ ഇളവിന്റെ ആനുകൂല്യം അർഹരായ മുഴുവൻ ഒസിഐ കാർഡ് ഉടമകളും പരമാവധി പ്രയോജനപ്പെടുത്തണമെന്നും എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്നും കോൺസുലേറ്റ് അധികൃതർ അഭ്യർത്ഥിച്ചു.


കൂടുതൽ വിവരങ്ങൾക്ക് www.cgihouston.gov.in



സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക
ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം
പി. ഡി. എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം
www.timesofamericanmalayali.com

ഈ ലക്കത്തിൽ



സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ

ചെറുവയൽ രാമൻ വിത്തിന്റെ കാവലാൾ
ജോർജ് തഴക്കര



അഴീക്കോട് എന്ന വിചാരശില്പി
ഡോ.പോൾ മണലിൽ



പി.സി. മാത്യു ഗാർലാൻഡ് സിറ്റി കൗൺസിൽ ഡിസ്ട്രിക്ട് 3ലേക്ക് മത്സരിക്കുന്നു



- പി. പി. ചെറിയാൻ

ഡാളസ്: ഗാർലാൻഡ് സിറ്റി കൗൺസിൽ ഡിസ്ട്രിക്ട് 3ലേക്ക് 2027 മേയ് 1ന് നടക്കുന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ പ്രമുഖ സാമൂഹിക പ്രവർത്തകനായ പി. സി. മാത്യു മത്സരിക്കും. ഇന്ത്യൻ കമ്മ്യൂണിറ്റിയെ പ്രതിനിധീകരിക്കുന്ന സണ്ണി മാളിയേക്കലാണ് ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചത്.

മേഖലയിലെ പ്രമുഖ പൊതുപ്രവർത്തകനും ബിസിനസുകാരനുമായ പി.സി. മാത്യുവിന് സിറ്റി ഭരണരംഗത്തും വിവിധ കമ്മീഷനുകളിലും പ്രവർത്തിച്ച് മികച്ച പരിചയസമ്പത്തുണ്ട്. നിലവിൽ മേയറുടെ നോമിനിയായി ഗാർലാൻഡ് ബോർഡിൽ സേവനമനുഷ്ഠിച്ചു വരികയാണ് അദ്ദേഹം. 2022ൽ ഗാർലാൻഡ് , ഇ കാബിലും 2024ൽ ഡിസ്ട്രിക്ട് 3നെ പ്രതിനിധീകരിച്ച് സീനിയർ സിറ്റിസൺ കമ്മീഷണറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

മുൻപ് 2021ൽ നടന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ ശക്തമായ ജനപിന്തുണയോടെ റൺ ഓഫ് സ്ഥാനാർത്ഥിയായി (രണ്ടാം സ്ഥാനം) അദ്ദേഹം എത്തിയിരുന്നു. 2023ലെ തിരഞ്ഞെടുപ്പിലും സജീവ സാന്നിധ്യമായിരുന്നു. തുടർന്ന് 2025ലെ ഗാർലാൻഡ് മേയർ തിരഞ്ഞെടുപ്പിൽ മത്സരിച്ച 6 സ്ഥാനാർത്ഥികളിൽ മൂന്നാമതെത്തുകയും, റൺ ഓഫ് തിരഞ്ഞെടുപ്പിൽ വിജയിച്ച ഡിലൻ ഹെഡ്രിക്കിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

ഗാർലാൻഡ് സിറ്റിയുടെ ലീഡർഷിപ്പ് പ്രോഗ്രാമുകളായ ലീഡർഷിപ്പ് ഗാർലാൻഡ്, സിറ്റിസൺസ് പോലീസ് അക്കാദമി, സിറ്റിസൺസ് ഫയർ അക്കാദമി എന്നിവയെല്ലാം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. റിയൽട്ടർ, ഇൻഷുറൻസ് ഏജൻസി ഉടമ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന അദ്ദേഹം വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയൻ മുൻ പ്രസിഡന്റായിരുന്നു.

നിലവിൽ ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ഗ്ലോബൽ പ്രസിഡന്റായി പ്രവർത്തിക്കുന്ന പി.സി.മാത്യു, കേരള അസോസിയേഷൻ, കേരള ലിറ്ററി അസോസിയേഷൻ, ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ തുടങ്ങിയ സംഘടനകളിലും സജീവമാണ്. ഷോർസ് ഓഫ് വെല്ലിങ്ടൺ കമ്മ്യൂണിറ്റിയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായും അദ്ദേഹം സേവനമനുഷ്ഠിക്കുന്നു.

ഡാളസ് കോളേജ് പ്രൊഫസറും അമേരിക്കൻ സമൂഹത്തിൽ പ്രമുഖനുമായ ബിൽ ഇൻഗ്രമാണ് അദ്ദേഹത്തിന്റെ ക്യാമ്പയിൻ ട്രഷറർ.

കരിങ്കുന്നം അന്താരാഷ്ട്ര വടംവലി മത്സരത്തിന് ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ആശംസകൾ

- അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: 2027 ജനുവരി 17ന് കേരളത്തിലെ കരിങ്കുന്നത്ത് നടക്കുന്ന പ്രഥമ ക്നാനായ അന്താരാഷ്ട്ര വടംവലി മത്സരത്തിന് ചിക്കാഗോ സോഷ്യൽ ക്ലബ് ആശംസകൾ അറിയിച്ചു. കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ക്നാനായ കത്തോലിക്ക പള്ളിയുടെ 2027 ജനുവരിയിലെ തിരുനാൾ പ്രസുദേന്തിമാരും കരിങ്കുന്നം സോഷ്യൽ ക്ലബ്ബും സംയുക്തമായി സംഘടിപ്പിക്കുന്ന വടംവലി മാമാങ്കത്തിനാണ് ചിക്കാഗോ സോഷ്യൽ ക്ലബ് പിന്തുണയും ആശംസകളും അറിയിച്ചത്.

ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിന്റെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര വടംവലി ടൂർണമെന്റ് കമ്മിറ്റിയുമാണ് കരിങ്കുന്നം സോഷ്യൽ ക്ലബ്ബിനും മത്സരത്തിന്റെ സംഘാടകർക്കും വിജയാശംസകൾ നേർന്നത്.

കരിങ്കുന്നം സ്വദേശിയും ചിക്കാഗോയിലെ പ്രമുഖ വ്യവസായിയും സാമൂഹിക പ്രവർത്തകനുമായ സജി മുല്ലപ്പള്ളിൽ ആണ് കരിങ്കുന്നം അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ പ്ലാറ്റിനം സ്പോൺസർ. ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ സജീവ അംഗമായ അദ്ദേഹം ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ കമ്മിറ്റി അംഗം കൂടിയാണ്.

മത്സരത്തിലെ ഒന്നാം സമ്മാനമായ 1,00,001 രൂപയും സൈമൺ കൈതക്കത്തൊട്ടിയിൽ മെമ്മോറിയൽ ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ മുൻ പ്രസിഡന്റും പ്രമുഖ വ്യവസായിയുമായ ബിനു കൈതക്കത്തൊട്ടിയിലും കുടുംബവുമാണ്.

സുരേന്ദ്രൻ കെ.പട്ടേലിനും ജൂലി എ. മാത്യുവിനും മാർട്ടിൻ ജോണിനും ഉജ്ജ്വല വിജയം



- ജീമോൻ റാന്നി, അജു വാരിക്കാട് ടീം

ഹൂസ്റ്റൺ: അമേരിക്കൻ ഐക്യനാടുകളിലെ തിരഞ്ഞെടുപ്പ് ചൂടിനിടയിൽ കേരളത്തിന് ഒന്നടങ്കം അഭിമാനിക്കാൻ വകനൽകുന്ന ഒരു വലിയ വാർത്തയാണ് ഇപ്പോൾ പുറത്തുവരുന്നത്. അമേരിക്കൻ മുഖ്യധാരാ രാഷ്ട്രീയത്തിൽ തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിച്ച് മൂന്ന് മലയാളികൾ മിന്നും വിജയം കരസ്ഥമാക്കിയിരിക്കുന്നു. സുരേന്ദ്രൻ കെ. പട്ടേൽ, ജൂലി എ. മാത്യു, മാർട്ടിൻ ജോൺ എന്നിവരാണ് അമേരിക്കൻ ജനതയുടെ വിശ്വാസം ആർജിച്ച് ഈ സുവർണ്ണ നേട്ടത്തിന് അർഹരായത്.

തികച്ചും ആവേശകരമായ മത്സരങ്ങൾക്കൊടുവിലാണ് മൂവരും തങ്ങളുടെ എതിരാളികളെ ബഹുദൂരം പിന്നിലാക്കി വിജയക്കൊടി പാറിച്ചത്.

240-ാം ജുഡീഷ്യൽ ഡിസ്ട്രിക്റ്റ് ജഡ്ജി സ്ഥാനത്തേക്ക് ജനവിധി തേടിയ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി സുരേന്ദ്രൻ കെ.പട്ടേൽ തന്റെ വിജയത്തിന്റെ ഭൂരിപക്ഷം വൻതോതിൽ വർദ്ധിപ്പിച്ചു. പുതിയ ഫലങ്ങൾ പ്രകാരം അദ്ദേഹം 1,58,897 വോട്ടുകൾ (59.89%) സ്വന്തമാക്കിയിട്ടുണ്ട്. എതിരാളിയായ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ആശാ റെഡ്ഡിക്ക് 1,06,418 വോട്ടുകൾ (40.11%) മാത്രമാണ് നേടാനായത്. ആകെ 2,65,315 വോട്ടുകളാണ് ഈ ഡിസ്ട്രിക്റ്റിൽ രേഖപ്പെടുത്തിയത്.

നീതിന്യായ മേഖലയിലെ മറ്റൊരു ശ്രദ്ധേയമായ പോരാട്ടത്തിൽ, കൗണ്ടി കോർട്ട് അറ്റ് ലോ നമ്പർ 3ലെ ജഡ്ജി സ്ഥാനത്തേക്ക് ഡെമോക്രാറ്റിക് പാർട്ടിയുടെ മലയാളിയായ ജൂലി മാത്യു ഉജ്ജ്വല വിജയമാണ് കരസ്ഥമാക്കിയത്. നിലവിലെ ജഡ്ജിയായ ജൂലിക്ക് 1,68,321 വോട്ടുകൾ (60.10%) ലഭിച്ചു. റിപ്പബ്ലിക്കൻ പാർട്ടിയുടെ ജെസ്സിക്ക ജെറമില്ലോയെയാണ് അവർ പരാജയപ്പെടുത്തിയത്. ജെസ്സിക്കയ്ക്കു 1,111,760 വോട്ടുകളാണ് (39.90%) ലഭിച്ചത്. ഈ തെരഞ്ഞെടുപ്പിൽ ആകെ 2,65,519 പേർ വോട്ട് രേഖപ്പെടുത്തി.

രാഷ്ട്രീയ പാർട്ടികളുടെ ചിഹ്നങ്ങളില്ലാതെ നടന്ന ഫാർട്ട് ബെൻഡ് സെൻട്രൽ അപ്പൈസൽ ഡിസ്ട്രിക്റ്റ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് തിരഞ്ഞെടുപ്പിലെ പുതിയ കണക്കുകൾ പ്രകാരം മാർട്ടിൻ ജോൺ തന്റെ ലീഡ് വലിയ രീതിയിൽ ഉയർത്തി. മാർട്ടിൻ ജോൺ 1,22,131 വോട്ടുകൾ (57.68%) നേടി ഉജ്ജ്വല വിജയം സ്വന്തമാക്കി. എതിരാളിയായ ഷൈസാദ് 'സാം' ചത്രിവാലയ്ക്ക് 89,616 വോട്ടുകൾ (42.43%) മാത്രമേ നേടാനായുള്ളൂ. ഈ മത്സരത്തിൽ ആകെ 2,11,747 വോട്ടുകൾ രേഖപ്പെടുത്തപ്പെട്ടു. മാർട്ടിൻ ജോൺ പാലാ സെന്റ് തോമസ് കോളേജ് യൂണിയൻ മുൻ ചെയർമാനാണ്.

അമേരിക്കൻ പ്രാദേശിക ഭരണകൂടങ്ങളിലും നീതിന്യായ വ്യവസ്ഥയിലും പ്രവാസി മലയാളികൾ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ടെന്നും, ജനങ്ങൾക്കിടയിൽ അവർക്ക് എത്രത്തോളം സ്വീകാര്യതയുണ്ടെന്നും തെളിയിക്കുന്നതാണ് ഈ തെരഞ്ഞെടുപ്പ് ഫലങ്ങൾ. സ്വന്തം പ്രയത്നവും നേതൃപാടവവും കൊണ്ട് അമേരിക്കൻ രാഷ്ട്രീയത്തിൽ വേരുറപ്പിക്കുന്ന ഈ മലയാളികളുടെ നേട്ടം, ലോകമെമ്പാടുമുള്ള പ്രവാസി സമൂഹത്തിന് വലിയൊരു പ്രചോദനം കൂടിയാണ്.

നോർത്ത് ഡക്കോട്ടയിൽ ആദ്യമായി മഹാത്മാഗാന്ധിയുടെ പ്രതിമ അനാച്ഛാദനം ചെയ്തു



- പി.പി ചെറിയാൻ

നോർത്ത് ഡക്കോട്ട: നോർത്ത് ഡക്കോട്ടയിലെ പീസ് പാർക്കിൽ മഹാത്മാഗാന്ധിയുടെ പ്രതിമ അനാച്ഛാദനം ചെയ്തു. സംസ്ഥാനത്ത് സ്ഥാപിക്കുന്ന ആദ്യ ഗാന്ധി പ്രതിമയാണിത്.

ഇന്ത്യൻ കോൺസൽ ജനറൽ പ്രകാശ് ഗുപ്ത പീസ് പാർക്ക് സന്ദർശിച്ചപ്പോഴാണ് ഇങ്ങനെയൊരു ആശയം ഉയർന്നുവന്നത്. മുൻപ് ഇവിടെ പ്രവർത്തിച്ചിരുന്ന ഗാന്ധി പീസ് നെറ്റ് വർക്കിന്റെ ഫലകം ശ്രദ്ധയിൽപ്പെട്ട അദ്ദേഹം, ഗാന്ധിജിയുടെ ഒരു പ്രതിമ കൂടി ഇവിടെ സ്ഥാപിക്കുന്നത് അനുയോജ്യമായിരിക്കുമെന്ന് നിർദ്ദേശിക്കുകയായിരുന്നു. തുടർന്ന് ഇന്ത്യയിൽ നിർമ്മിച്ച പ്രതിമ ബിസ്മാർക്കിലേക്ക് എത്തിക്കുകയായിരുന്നു.

ഇന്ത്യൻ അമേരിക്കൻ സമൂഹത്തിലെ അംഗങ്ങൾ, ബിസ്മാർക്ക് പാർക്ക്സ് ആൻഡ് റെക്രിയേഷൻ പ്രതിനിധികൾ, നോർത്ത് ഡക്കോട്ട അഗ്രികൾച്ചർ കമ്മീഷണർ ഡഗ് ഗോറിംഗ്, സാറ്റിലിലെ ഇന്ത്യൻ കോൺസുലേറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഗാന്ധിജിയുടെ ജീവിതത്തെക്കുറിച്ചും മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറിന് അദ്ദേഹത്തിൽ നിന്നുണ്ടായ പ്രചോദനത്തെക്കുറിച്ചും സന്ദർശകർക്ക് മനസ്സിലാക്കാൻ പ്രതിമയ്ക്ക് സമീപം ക്യു.ആർ കോഡ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ക്യു.ആർ കോഡ് സ്കാൻ ചെയ്യുന്നതിലൂടെ ഗാന്ധിജിയുടെ പ്രസംഗങ്ങൾ കേൾക്കാനും അദ്ദേഹത്തിന്റെ സന്ദേശങ്ങളെക്കുറിച്ച് പഠിക്കാനും സാധിക്കും. ഈ സ്മാരകം ഇന്ത്യയും നോർത്ത് ഡക്കോട്ടയും തമ്മിലുള്ള സൗഹൃദത്തിന്റെ പ്രതീകമായി നിലകൊള്ളുമെന്ന് പ്രകാശ് ഗുപ്ത പറഞ്ഞു.

ഫൊക്കാന സ്പോർട്സ് കമ്മിറ്റി രൂപീകരിച്ചു; യുവജന പങ്കാളിത്തം ശക്തിപ്പെടുത്താൻ വിപുലമായ കായിക പദ്ധതികൾ

- ജിജി റ്റോം, ഫൊക്കാന പി.ആർ.ഒ.



ന്യൂയോർക്. ഫൊക്കാനയുടെ അടുത്ത രണ്ട് വർഷത്തേക്കുള്ള (2026-2028) സ്പോർട്സ് കമ്മിറ്റി രൂപീകരിച്ചു. അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തിൽ കായികരംഗത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും കായികപ്രവർത്തനങ്ങളിലൂടെ യുവതലമുറയെ ഫൊക്കാനയുമായി കൂടുതൽ അടുപ്പിക്കുന്നതിനുമാണ് പുതിയ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളിയെ സ്പോർട്സ് ഡയറക്ടറായും, ജിൻസ് ജോസഫിനെ സ്പോർട്സ് കോർഡിനേറ്ററായും നിയമിച്ചതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു. പ്രവീൺ തോമസ് സ്പോർട്സ് ചെയർമാനായും വിപിൻ രാജ് കോചെയർമാനായും പ്രവർത്തിക്കും.

വർഷങ്ങളായി കായികരംഗത്തും പ്രത്യേകിച്ച് ക്രിക്കറ്റ് ഉൾപ്പെടെയുള്ള വിവിധ കായികമേഖലകളിലും സംഘാടനമികവും പ്രവർത്തനപരിചയവും തെളിയിച്ചിട്ടുള്ള ലിൻഡോ ജോളിയുടെയും ജിൻസ് ജോസഫിന്റെയും നേതൃത്വം ഫൊക്കാനയുടെ കായികപ്രവർത്തനങ്ങൾക്ക് വലിയ മുതൽക്കൂട്ടാകുമെന്ന് ഫൊക്കാന സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അഭിപ്രായപ്പെട്ടു. കായികരംഗത്തെ ഇവരുടെ അനുഭവസമ്പത്തും സംഘടനാപാടവവും പുതിയ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് സഹായകമാകുമെന്നും അവർ പ്രത്യാശ പ്രകടിപ്പിച്ചു.

നാലാം ക്ലാസിൽ ക്രിക്കറ്റ് കളിച്ചു തുടങ്ങിയ ലിൻഡോ ജോളി, പിന്നീട് കോട്ടയം ജില്ലയെയും കേരള അണ്ടർ 16, അണ്ടർ 19 ക്രിക്കറ്റ് ടീമുകളെയും പ്രതിനിധീകരിച്ചു. അമേരിക്കയിലെ ഡേടോണ ഡോട്ട്സ് ക്രിക്കറ്റ് ക്ലബ്ബിന്റെ സ്ഥാപക അംഗങ്ങളിൽ ഒരാളായ അദ്ദേഹം, അമേരിക്കയിലും കാനഡയിലുമായി നിരവധി ക്രിക്കറ്റ് ടൂർണമെന്റുകളിലും ലീഗുകളിലും സജീവമാണ്. ഫുട്ബോൾ, ബാഡ്മിന്റൺ എന്നീ കായിക ഇനങ്ങളിലും താൽപര്യമുള്ള ലിൻഡോയുടെ അനുഭവസമ്പത്തും നേതൃത്വപാടവവും ഫൊക്കാനയുടെ കായിക പ്രവർത്തനങ്ങൾക്ക് വലിയൊരു മുതൽക്കൂട്ടാകും.

വർഷങ്ങളായി അമേരിക്കൻ ക്രിക്കറ്റ് രംഗത്ത് സജീവ സാന്നിധ്യമായ ജിൻസ് ജോസഫ്, നിരവധി ക്രിക്കറ്റ് ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതിലും വിജയകരമായി നടത്തുന്നതിലും നിർണായക പങ്കുവഹിച്ചിട്ടുണ്ട്. കേരള ക്രിക്കറ്റ് ലീഗ് യുഎസ്എയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായ അദ്ദേഹം കായികരംഗത്തെ സംഘാടന മികവുകൊണ്ടും നേതൃത്വപാടവം കൊണ്ടും ശ്രദ്ധേയനാണ്.ഫൊക്കാന സ്പോർട്സ് കോർഡിനേറ്ററെന്ന നിലയിൽ അദ്ദേഹത്തിന്റെ അനുഭവസമ്പത്തും സംഘാടന മികവും ഫൊക്കാനയുടെ കായിക പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും യുവതലമുറയുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും വലിയ മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കായികരംഗത്തിലൂടെ പുതിയ തലമുറയെ ഫൊക്കാനയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് സ്പോർട്സ് കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം. അമേരിക്കയിലെയും കാനഡയിലെയും വിവിധ സംസ്ഥാനങ്ങളിലായി വിവിധ കായിക ഇനങ്ങളിൽ പരിശീലന ക്യാമ്പുകൾ, സ്പോർട്സ് അക്കാദമികൾ, യുവജന കായികമേളകൾ, അന്തർസംസ്ഥാന ടൂർണമെന്റുകൾ എന്നിവ സംഘടിപ്പിക്കാനാണ് കമ്മിറ്റി ലക്ഷ്യമിടുന്നതെന്ന് സ്പോർട്സ് കോർഡിനേറ്റർ ജിൻസ് ജോസഫ് അറിയിച്ചു.

പ്രശസ്ത ഇന്ത്യൻ ഫുട്ബോൾ താരവും ഇന്ത്യൻ ഫുട്ബോളിന്റെ അഭിമാനവുമായ ഐ.എം. വിജയൻ ഫൊക്കാന സ്പോർട്സ് വിങ്ങിന്റെ ബ്രാൻഡ് അംബാസഡറായി ചുമതലയേറ്റതായി ലിൻഡോ ജോളി അറിയിച്ചു. ഇന്ത്യൻ കായികരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഐ.എം. വിജയന്റെ സാന്നിധ്യം ഫൊക്കാനയുടെ കായികസംരംഭങ്ങൾക്ക് കൂടുതൽ പ്രചോദനവും അംഗീകാരവും നൽകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കായികരംഗത്ത് കഴിവുള്ള യുവപ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ പ്രോത്സാഹനവും മാർഗനിർദേശവും നൽകുന്നതിനും പ്രമുഖ കായികതാരങ്ങളുടെയും പരിശീലകരുടെയും സഹകരണം ഉറപ്പാക്കുന്നതിനും കമ്മിറ്റി ശ്രമിക്കും. കായികമത്സരങ്ങൾ സംഘടിപ്പിക്കുക എന്നതിനപ്പുറം, കായികരംഗത്തെ ഒരു സാംസ്കാരികവും സാമൂഹികവുമായ കൂട്ടായ്മയുടെ വേദിയാക്കി മാറ്റുകയാണ് ▶ 11

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വനിതാ ഫോറത്തിന്റെ വിന്റർ കോട്ട് ആൻഡ് ക്ലോത്തിംഗ് ഡ്രൈവ്



ന്യൂയോർക്ക്: ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയന്റെയും വനിതാ ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വിന്റർ കോട്ട് ആൻഡ് ക്ലോത്തിംഗ് ഡ്രൈവ് വൻവിജയമായി. ശൈത്യകാലത്ത് സഹായം ആവശ്യമുള്ളവർക്ക് കൈത്താങ്ങാകുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഈ ജീവകാരുണ്യ സംരംഭം സാമൂഹിക പ്രതിബദ്ധതയുടെയും കാരുണ്യത്തിന്റെയും മികച്ച മാതൃകയായി മാറി.

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വൈസ് പ്രസിഡന്റ് ഉഷ ജോർജിന്റെയും വനിതാ ഫോറം ചെയർപേഴ്സൺ ഡോ.അന്ന ജോർജിന്റെയും നേതൃത്വത്തിൽ നടന്ന പരിപാടിക്ക് മികച്ച പിന്തുണയാണ് ലഭിച്ചത്. സമൂഹത്തിലെ അർഹരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും ശൈത്യകാല വസ്ത്രങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഈ സംരംഭം ഫൊക്കാനയുടെ സാമൂഹിക സേവന പ്രവർത്തനങ്ങളിലെ മറ്റൊരു ശ്രദ്ധേയമായ ചുവടുവയ്പായി.

റീജിയണൽ സെക്രട്ടറി ഡോൺ തോമസ്, ട്രഷറർ തോമസ് സക്കറിയ (സുജിത്ത്), ഫൊക്കാന നാഷണൽ കമ്മിറ്റി അംഗങ്ങളായ മേരി ഫിലിപ്പ്, ജിൻസ് ജോസഫ്, റീജിയണൽ കമ്മിറ്റി അംഗങ്ങളായ ജോബി ജോർജ്, റോയ് കുര്യാക്കോസ്, ഡെയ്സി ജോസഫ് എന്നിവർക്കൊപ്പം മെട്രോ റീജിയൻ അംഗങ്ങളായ ഫിലിപ്പ്, ലീലാമ്മ അപ്പുക്കുട്ടൻ, ജറീന, ഉജ്വല, ഡോ.ജോബി ജേക്കബ് എന്നിവരും പരിപാടിയിൽ സജീവമായി പങ്കെടുത്തു.

പരിപാടിയിൽ ശ്രദ്ധേയമായ സാന്നിധ്യമായി ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയന്റെ കൊച്ചു ഹീറോകളായ അഡ്രിൻ ജോസഫും ജോഷ്വ ഫിലിപ്പും മാറി. പരിപാടിയോടനുബന്ധിച്ച് കുട്ടികൾക്കായി കളിപ്പാട്ടങ്ങൾ ശേഖരിക്കുന്നതിൽ ഇരുവരും സജീവമായി പങ്കാളികളായി.

ശൈത്യകാലത്തിന്റെ കാഠിന്യം അനുഭവിക്കുന്നവർക്ക് ആശ്വാസമേകുന്നതിനൊപ്പം, സമൂഹത്തിൽ പരസ്പരസഹായത്തിന്റെയും സഹാനുഭൂതിയുടെയും സന്ദേശം പകർന്നു നൽകാനും ഈ സംരംഭത്തിലൂടെ സാധിച്ചു. ഒരു സംഘടനയുടെ യഥാർത്ഥ ശക്തി സമൂഹത്തിന് ആവശ്യമായ സമയത്ത് സഹായഹസ്തം നീട്ടുന്നതിലാണെന്നും ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടർന്നും സംഘടിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഏറെയാണെന്നും സംഘാടകർ അഭിപ്രായപ്പെട്ടു.

പരിപാടിയുടെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും റീജിയണൽ വൈസ് പ്രസിഡന്റ് ഉഷ ജോർജും വനിതാ ഫോറം ചെയർപേഴ്സൺ ഡോ. അന്ന ജോർജും ഹൃദയംഗമമായ നന്ദി അറിയിച്ചു. വസ്ത്രങ്ങളും കളിപ്പാട്ടങ്ങളും സംഭാവന ചെയ്തവർക്കും പരിപാടിയുടെ സംഘാടനത്തിൽ പങ്കാളികളായവർക്കും സന്നദ്ധപ്രവർത്തകർക്കും ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന എല്ലാ അഭ്യുദയകാംക്ഷികൾക്കും അവർ പ്രത്യേകം നന്ദി രേഖപ്പെടുത്തി. പ്രത്യേകിച്ച് അഡ്രിൻ ജോസഫിന്റെയും ജോഷ്വ ഫിലിപ്പിന്റെയും സേവനമനോഭാവത്തെയും ആത്മാർത്ഥമായ പങ്കാളിത്തത്തെയും അവർ അഭിനന്ദിച്ചു.

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയനും വനിതാ ഫോറവും വരുംദിവസങ്ങളിലും ജീവകാരുണ്യ, സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുമെന്നും സമൂഹത്തിലെ ആവശ്യക്കാരിലേക്ക് സഹായം എത്തിക്കുന്നതിനുള്ള കൂട്ടായ പരിശ്രമങ്ങൾ തുടരുമെന്നും നേതൃത്വം അറിയിച്ചു.

മനുഷ്യത്വത്തിന്റെയും കരുതലിന്റെയും ഐക്യത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വനിതാ ഫോറത്തിന്റെ ഈ സംരംഭം മാതൃകാപരമായ ഒരു സാമൂഹിക സേവന പ്രവർത്തനമായി മാറി.

ന്യൂ യോർക്ക് മെട്രോ റീജിയൻ ചെയ്ത ശ്ലാഘനീയമായ ഈ പ്രവർത്തനത്തിന് ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അനുമോദനങ്ങൾ അർപ്പിച്ചു.

ഹൂസ്റ്റണിൽ ഇന്ത്യൻ കലാസാംസ്കാരിക വസന്തമൊരുക്കാൻ ദക്ഷിൻ ഫെസ്റ്റ് 20ന്

ഹൂസ്റ്റൺ: ഇന്ത്യൻ കലയും സംസ്കാരവും പാരമ്പര്യവും ആഘോഷമാകുന്ന വർണാഭമായ സായാഹ്നത്തിന് ഹൂസ്റ്റൺ മലയാളി സമൂഹം ഒരുങ്ങുന്നു. വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദക്ഷിൻ ഫെസ്റ്റ് 2026നവംബർ 20 വെള്ളിയാഴ്ച വൈകിട്ട് ആറുമണി മുതൽ ഹൂസ്റ്റണിന് സമീപമുള്ള ഫ്രൈസ്നോയിലെ സെന്റ് ജെയിംസ് ക്നാനായ ചർച്ച് ഹാളിൽ നടക്കും.

കലയുടെ താളവും നാടൻ രുചിവൈവിധ്യങ്ങളും ആഘോഷത്തിന്റെ ആവേശവും ഒത്തുചേരുന്ന ദക്ഷിൻ ഫെസ്റ്റ്, അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന് സാംസ്കാരിക പൈതൃകത്തിന്റെ മനോഹരമായ അനുഭവം സമ്മാനിക്കാനാണ് ലക്ഷ്യമിടുന്നത്.

അമേരിക്ക റീജിയൻ വനിതാ ഫോറം ചെയർ പേഴ്സൺ ലക്ഷ്മി പീറ്ററിന്റെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് പുരോഗമിക്കുന്നത്. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് ജെയിംസ് കൂടൽ, ഗ്ലോബൽ മീഡിയ ഫോറം ചെയർപേഴ്സൺ റെയ്ന റോക്സ്, അമേരിക്ക റീജിയൻ വൈസ് പ്രസിഡന്റ് ബിജു ഇട്ടൻ, പ്രൊവിൻസ് പ്രസിഡന്റ് തോമസ് സ്റ്റീഫൻ, പ്രൊവിൻസ് ചെയർമാൻ ലാൽ എബ്രഹാം എന്നിവരും പരിപാടിയുടെ വിജയത്തിനായി സജീവമായി രംഗത്തുണ്ട്.

പ്രവാസജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ സ്വന്തം നാടിന്റെ കലാപാരമ്പര്യവും രുചികളും ഓർമകളും പുതുതലമുറയുമായി പങ്കുവയ്ക്കാനുള്ള അവസരം കൂടിയായി ദക്ഷിൻ ഫെസ്റ്റ് മാറും. പരസ്പര സൗഹൃദങ്ങൾ പുതുക്കാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനും ഈ കൂട്ടായ്മ വഴിയൊരുക്കുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

ഗ്ലോമിസ്റ്റ്, സ്ട്രാറ്റജിക് ഫിനാൻഷ്യൽ ഗ്രൂപ്പ് എന്നിവരാണ് പരിപാടിയുടെ പാർട്ണർമാർ. ഗ്ലോബൽ ഇന്ത്യൻ ന്യൂസ്, ബിഗ് ബോട്ടിൽ ലിക്കർ സ്റ്റോർ, നേർക്കാഴ്ച എന്നിവയുടെ സഹകരണത്തോടെയാണ് ആഘോഷം സംഘടിപ്പിക്കുന്നത്.

വാൻകൂവറിൽ ജെനസിസ് ഫാമിലി കോൺഫറൻസിന് സമാപനം



- ഫിന്നി രാജു, ഹൂസ്റ്റൺ

കാനഡ: ജെനസിസ് കാനഡ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജെനസിസ് ഫാമിലി കോൺഫറൻസ് 2026 സമാപിച്ചു. ഒക്ടോബർ 30 മുതൽ നവംബർ ഒന്നുവരെ ബ്രിട്ടീഷ് കൊളംബിയയിലെ ഹോളിഡേ ഇൻ ആൻഡ് സ്യൂട്ട്സ് സറേ ഈസ്റ്റ്ക്ലോവർഡെയ്ലിലായിരുന്നു ത്രിദിന സമ്മേളനം.

വിവിധ പ്രദേശങ്ങളിൽനിന്നുള്ള ക്രിസ്തീയ കുടുംബങ്ങളും ആത്മീയ നേതാക്കളും വിശ്വാസികളും പങ്കെടുത്ത സമ്മേളനത്തിൽ ആരാധന, വചനശുശ്രൂഷ, പ്രാർഥന, ആത്മീയ കൂട്ടായ്മകൾ എന്നിവ നടന്നു. വിശ്വാസം, കുടുംബം, ദൈവരാജ്യവ്യാപനം എന്നിവയ്ക്കായിരുന്നു സമ്മേളനത്തിൽ പ്രാധാന്യം.

പാസ്റ്റർമാരായ ജേക്കബ് മാത്യു, ഷിബു തോമസ്, ജെനസിസ് കാനഡ മിനിസ്ട്രീസ് സ്ഥാപകനും പ്രസിഡന്റുമായ ഇവാഞ്ചലിസ്റ്റ് ചാർളി സാം ബാബു എന്നിവർ മുഖ്യപ്രഭാഷകരായിരുന്നു. ആത്മീയ വളർച്ച, പരിശുദ്ധാത്മാവിന്റെ പ്രാധാന്യം, വേദപുസ്തകാധിഷ്ഠിത നേതൃത്വം, ദൈവരാജ്യവ്യാപനം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു സന്ദേശങ്ങൾ.

ജെനസിസ് കാനഡ മിനിസ്ട്രീസിന്റെ പ്രവർത്തനവിപുലീകരണത്തിന്റെ ഭാഗമായി പുതിയ മിനിസ്ട്രി ക്യാംപസിനെയും ക്യാംപസ് ലീഡറെയും ശുശ്രൂഷയ്ക്കായി നിയോഗിച്ചത് സമ്മേളനത്തിലെ ശ്രദ്ധേയമായ പരിപാടിയായി.

ബോർഡ് ഓഫ് ഡയറക്ടർമാരായ ഷെറി വർമ്മ, ലിംസൺ സീമോൻ, അനീഷ് തങ്കച്ചൻ എന്നിവർ സമ്മേളനത്തിന്റെ സംഘാടനത്തിനു നേതൃത്വം നൽകി. ജെഫിൻ തോമസ്, റെജു റൂഫസ് എന്നിവർ വിവിധ വിഭാഗങ്ങളുടെ ചുമതലക്കാരുമായും സന്നദ്ധപ്രവർത്തകരുമായും ആരാധന, സാങ്കേതിക വിഭാഗങ്ങളുമായും സഹകരിച്ച് സമ്മേളനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

പത്താമത് കൂടത്തിനാലിൽ കുടുംബസംഗമം അവിസ്മരണീയമായി

- ജീമോൻ റാന്നി

ഹൂസ്റ്റൺ: ഡാളസ് ഡെന്റണിലുള്ള ക്യാമ്പ് കോമ്പാസ് റിട്രീറ്റ് സെന്ററിൽ വച്ച് ഒക്ടോബർ 30, 31 നവംബർ 1 തീയതികളിൽ നടത്തപ്പെട്ട കുടുംബസംഗമം വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് ശ്രദ്ധേയമായി.

കുടുംബത്തിലെ മുതിർന്ന സഹോദരന്മാരായ ജോൺ തോമസ്, ജോൺ എബ്രഹാം, ജോൺ ജോസഫ് എന്നിവരോടൊപ്പം ആലിസ് ജേക്കബ്, ആനി ജോൺ, അമ്മുക്കുട്ടി, മിന്നി എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചു സംഗമം ഉദ്ഘാടനം ചെയ്തു.

ജോൺ തോമസിന്റെ പ്രാർത്ഥനയോടു കൂടി സമ്മേളനം ആരംഭിച്ചു. ഈ കൂടിവരവിന്റെ ലക്ഷ്യം, ആവശ്യകത എന്നിവയെപ്പറ്റി ചർച്ച നടന്നു.

രണ്ടാം ദിവസം 10 മണിമുതൽ കലാ കായിക പരിപാടികൾക്കു തുടക്കം കുറിച്ചു. ബോൾ പിടിത്തം, കസേര കളി, കപ്പു കളി, വടം വലി തുടങ്ങി പ്രായ ഭേദമെന്യേ ഏവർക്കും ആസ്വദിക്കത്തക്ക വിധത്തിൽ നിരവധി കായിക മത്സരങ്ങൾ അരങ്ങേറി.

രാത്രിയിൽ നടത്തപ്പെട്ട ടാലെന്റ് ഷോയോടൊപ്പം കുടുംബചരിത്ര ഡോക്യുമെന്ററി ശ്രദ്ധേയമായി മാറി. ഡാളസിലെ ചുണക്കുട്ടന്മാരുടെയും അവരുടെ അമ്മമാരുടെയും ഡാൻസ് ഗംഭീരമായിരുന്നു.

ഹൂസ്റ്റൻകാരുടെ കുര്യാക്കോസ് എന്ന സ്കിറ്റും കുടുംബസംഗമത്തെ പറ്റി തയ്യാറാക്കിയ സ്കിറ്റും കുട്ടികളുടെ ഡാൻസും വേറിട്ട് നിന്നു.

അന്നേ ദിവസം തന്നെ ഒരുക്കിയ ക്യാമ്പ് ഫയറിൽ എല്ലാവരും പങ്കെടുത്തത് മറ്റൊരു വിസ്മയമായിരുന്നു. ഞായറാഴ്ച രാവിലെ 9 നടത്തിയ ആരാധനയിൽ പാസ്റ്റർ ജോനാഥൻ വചന ശുശ്രൂഷ നടത്തി.

11 മണിക്ക്, 2028ൽ ഹൂസ്റ്റണിൽ നടത്താനിരിക്കുന്ന കോൺഫെറൻസിന്റെ ബാറ്റൺ കൈ മാറി. ഷെബി, ബാബു കൂടത്തിനാലിൽ എന്നിവർ നന്ദി പറഞ്ഞു.

ഡാളസിൽ നിന്നുള്ള മനോജ്, രാജി, കൊച്ചുമോൻ, എഡിസൺ, രജു (ടൈറ്റസ്), പ്രതീഷ്, റോബിൻ, സാബു, ബീന, ബിന്ദു, ആശാ, സൂസൻ, ലിജാ, അനീഷ, പ്രതിഭ, ആനി എന്നിവരും ഹൂസ്റ്റണിൽ നിന്നുള്ള ജോൺ എബ്രഹാം, മോനു, ഷിബു, ജോൺസൻ,ജോജി, കൊച്ചുമോൻ കിരൺ, ടോണി ആലിസ്, ഷൈനി, ഡയാന, മിന്നി, ഷീബ, അമ്മുക്കുട്ടി എന്നിവരും കുടുംബ സംഗമത്തിന്റെ വിജയത്തിനായി നേതൃത്വം നൽകി.

ഡൽഹിയിൽ നിന്ന് വന്ന ആനിയും കാൽഗരിയിൽ നിന്നും വന്ന ജോഷ്വയും സുമയും കോൺഫറൻസിനു മാറ്റു കൂട്ടി. 90 പേർ പങ്കെടുത്ത കോൺഫറൻസ് ഞായറാഴ്ച ഉച്ചയോടു കൂടി അനുഗ്രഹകരമായി സമാപിച്ചു.

അഞ്ച് സംസ്ഥാനങ്ങളിൽ ആദ്യമായി ദീപാവലി ആഘോഷങ്ങൾ സംഘടിപ്പിച്ചു



- പി.പി ചെറിയാൻ

വാഷിംഗ്ടൺ: അഞ്ച് സംസ്ഥാനങ്ങളിലെ ഗവർണർമാരുടെ ഔദ്യോഗിക വസതികളിലും സ്റ്റേറ്റ് കാപ്പിറ്റോളുകളിലും ആദ്യമായി ദീപാവലി ആഘോഷങ്ങൾ സംഘടിപ്പിച്ചു. ഐഡഹോ, നെബ്രാസ്ക, മൊണ്ടാന, നോർത്ത് ഡക്കോട്ട, വാഷിംഗ്ടൺ എന്നീ സംസ്ഥാനങ്ങളിലാണ് ആഘോഷങ്ങൾ നടന്നത്. നവംബർ 10ന് ഒറിഗണിലും ദീപാവലി ആഘോഷം നടക്കും.

സീയാറ്റിലിലെ ഇന്ത്യൻ കോൺസുലേറ്റും കമ്മ്യൂണിറ്റി നേതാക്കളും ചേർന്നാണ് ഈ ചടങ്ങുകൾ സംഘടിപ്പിച്ചത്. ബിസിനസ്, പൊതുസേവനം, സാംസ്കാരിക വൈവിധ്യം എന്നീ മേഖലകളിൽ ഇന്ത്യൻ അമേരിക്കൻ സമൂഹം നൽകുന്ന സംഭാവനകളെ ഗവർണർമാർ ചടങ്ങുകളിൽ പ്രശംസിച്ചു.

വാഷിംഗ്ടൺ ഗവർണർ ബോബ് ഫെർഗൂസൺ, ഐഡഹോ ഗവർണർ ബ്രാഡ് ലിറ്റിൽ, നെബ്രാസ്ക ഗവർണർ ജിം പില്ലൻ, മൊണ്ടാന ഗവർണർ ഗ്രെഗ് ജിയാൻഫോർട്ടെ, നോർത്ത് ഡക്കോട്ട ഗവർണർ കെല്ലി ആംസ്ട്രോംഗ് എന്നിവർ അതത് സംസ്ഥാനങ്ങളിലെ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. ഇതിനുപുറമെ വാഷിംഗ്ടൺ സംസ്ഥാനത്തെ നിരവധി സിറ്റി കൗൺസിലുകളിലും മേയർമാരുടെ നേതൃത്വത്തിൽ ദീപാവലി ആഘോഷങ്ങളും ദീപം തെളിക്കൽ ചടങ്ങുകളും സംഘടിപ്പിച്ചിട്ടുണ്ട്.

സീയാറ്റിൽ മേഖലയിൽ ഏകദേശം രണ്ടു ലക്ഷത്തോളം ഇന്ത്യൻ അമേരിക്കക്കാർ വസിക്കുന്നുണ്ടെന്ന് ഇന്ത്യൻ കോൺസുലേറ്റ് അറിയിച്ചു. ദീപാവലിയുടെ പ്രാധാന്യവും ഇന്ത്യൻ സമൂഹത്തിന്റെ സംഭാവനകളും മുൻനിർത്തി വിവിധ സംസ്ഥാന സിറ്റി ഭരണകൂടങ്ങൾ പ്രത്യേക പ്രഖ്യാപനങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

സാൻ ഹൊസെ ഇടവകയിൽ മിഷൻ ദിനം ആചരിച്ചു



കാലിഫോർണിയ: സാൻ ഹൊസെ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ഒക്ടോബർ 4 ഞായറാഴ്ച മിഷൻ ദിനം ആചരിച്ചു. ഇടവക വികാരി ഫാ. ജെമി പുതുശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കിടെ മിഷൻ പ്രവർത്തനങ്ങൾക്കായി പ്രത്യേക പ്രാർത്ഥനകൾ നടത്തി. തുടർന്ന് ഇടവകാംഗങ്ങൾ ദേവാലയ ഹാളിൽ ഒത്തുചേർന്ന് മിഷൻ ദിനാഘോഷത്തിൽ പങ്കുചേർന്നു.

ആഘോഷത്തിന്റെ ഭാഗമായി വേദപാഠ വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റും കുട്ടികൾക്കായി വിവിധ ഗെയിംസും സംഘടിപ്പിച്ചു. സംഘടന ഡയറക്ടറും ഇടവക വികാരിയുമായ ഫാ. ജെമി പുതുശ്ശേരിൽ, ജോയിന്റ് ഡയറക്ടർ അനു വേലിക്കെട്ടൽ, കോർഡിനേറ്റർ മാരായ ശീതൾ മരവെട്ടിക്കുട്ടത്തിൽ, റോബിൻ ഇലഞ്ഞിക്കൽ എന്നിവരോടൊപ്പം സി. എം. എൽ. ഭാരവാഹികളായ നേഹ പുളിക്കൽ (പ്രസിഡന്റ്), ആഡം ലൂക്കോസ് ഓണശ്ശേരിൽ (വൈസ് പ്രസിഡന്റ്), കയ്ല വേലിക്കെട്ടേൽ (സെക്രട്ടറി), ജെസ്സ ജോർജ് തുരുത്തേൽകളത്തിൽ (ജോയിന്റ് സെക്രട്ടറി), അൽഫോൻസ് ജോസഫ് വട്ടമറ്റത്തിൽ (ട്രഷറർ) എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.



ഡാളസ് ഡെന്റണിലുള്ള ക്യാമ്പ് കോമ്പാസ് റിട്രീറ്റ് സെന്ററിൽ നടത്തപ്പെട്ട കുടുംബ സംഗമത്തിൽ നിന്നും

ഇല്ലിനോയിയിൽ പുതിയ നിയമങ്ങൾ; ഉപഭോക്തൃ അവകാശങ്ങളിലും മാറ്റങ്ങൾ

- അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ഇല്ലിനോയി സംസ്ഥാനത്ത് 2027 ജനുവരി ഒന്നു മുതൽ നിരവധി പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നു. വീട്ടുവാടകയുമായി ബന്ധപ്പെട്ട അനാവശ്യ ഫീസുകൾ നിയന്ത്രിക്കുന്നതും ജൂറി ഡ്യൂട്ടിക്ക് ഹാജരാകുന്ന ജീവനക്കാർക്ക് ശമ്പളം ഉറപ്പാക്കുന്നതും തൊഴിൽ പരസ്യങ്ങളിൽ ഡ്രൈവിങ് ലൈസൻസ് നിർബന്ധമാക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതും ഉൾപ്പെടെ സാധാരണക്കാരുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്ന നിരവധി മാറ്റങ്ങളാണ് പുതിയ നിയമങ്ങളിലൂടെ നടപ്പാകുന്നത്. ഭൂരിഭാഗം നിയമങ്ങളും ജനുവരി ഒന്നിന് പ്രാബല്യത്തിൽ വരുമ്പോൾ ചിലത് 2027 ജൂലൈ ഒന്നുമുതലാണ് നടപ്പാക്കുക.

വാടകവീടുകളുമായി ബന്ധപ്പെട്ട മറഞ്ഞിരിക്കുന്ന ഫീസുകൾക്കും അനാവശ്യ ചാർജുകൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്ന നിയമം ജനുവരി ഒന്നുമുതൽ പ്രാബല്യത്തിൽ വരും. വാടക കരാറിന്റെ ആദ്യ പേജിൽത്തന്നെ നിർബന്ധമായ എല്ലാ ഫീസുകളും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവിടെ വ്യക്തമാക്കാത്ത ഫീസ് വാടകക്കാരൻ നൽകേണ്ടതില്ല. വൈദ്യുതി, വെള്ളം തുടങ്ങിയ യൂട്ടിലിറ്റി ചാർജുകൾ വാടകയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കണം.

വാടക അപേക്ഷയ്ക്കും പശ്ചാത്തല പരിശോധനയ്ക്കും സാധാരണയായി പരമാവധി 50 ഡോളർ മാത്രമേ ഈടാക്കാൻ കഴിയൂ. മൂന്നാം കക്ഷി നടത്തുന്ന പരിശോധനയ്ക്ക് യഥാർത്ഥത്തിൽ കൂടുതൽ ചെലവാകുന്ന സാഹചര്യത്തിൽ നിശ്ചിത വ്യവസ്ഥകളോടെ അധിക തുക ഈടാക്കാം.

വാടക കരാർ പുതുക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ, സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യപ്പെടുന്നതിനോ, ഓഫീസ് സമയത്തിനു ശേഷം മെയിന്റനൻസ് സേവനത്തിനായി ബന്ധപ്പെടുന്നതിനോ പ്രത്യേക ഫീസ് ഈടാക്കുന്നതും നിരോധിക്കും.

എന്നാൽ ഉടമതന്നെ താമസിക്കുന്ന ആറോ അതിൽ കുറവോ യൂണിറ്റുകളുള്ള ചില കെട്ടിടങ്ങൾക്ക് നിയമത്തിൽ ഒഴിവുകളുണ്ട്.

കോടതികളിൽ ജൂറി ഡ്യൂട്ടിക്ക് ഹാജരാകേണ്ടിവരുന്ന ജീവനക്കാർക്ക് ശമ്പള സംരക്ഷണം ഉറപ്പാക്കുന്ന നിയമവും നിലവിൽ വരും.

25ൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങൾ ജൂറി ഡ്യൂട്ടിയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് അവരുടെ സാധാരണ ശമ്പളനിരക്കിൽ പ്രതിഫലം നൽകണം. 25 ജീവനക്കാരോ അതിൽ കുറവോ ഉള്ള സ്ഥാപനങ്ങൾക്ക് ഈ നിർബന്ധിത ശമ്പള വ്യവസ്ഥ ബാധകമല്ല. ജീവനക്കാർ ജൂറി സമൻസ് ലഭിച്ച വിവരം നിയമപ്രകാരം തൊഴിലുടമയെ അറിയിക്കണം. എല്ലാ ജോലികൾക്കും ഡ്രൈവിങ് ലൈസൻസ് നിർബന്ധമാക്കാൻ കഴിയില്ല

തൊഴിൽ പരസ്യങ്ങളിൽ അപേക്ഷകർക്ക് സാധുവായ ഡ്രൈവിങ് ലൈസൻസ് നിർബന്ധമാണെന്ന് അനാവശ്യമായി നിബന്ധന വയ്ക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തും. 15 ജീവനക്കാരോ അതിൽ കൂടുതലോ ഉള്ള സ്വകാര്യ സ്ഥാപനങ്ങൾക്കാണ് നിയമം ബാധകമാകുന്നത്. ഡ്രൈവിങ് ജോലിയുടെ അനിവാര്യ ഭാഗമായിരിക്കുകയും ബിസിനസ് ആവശ്യത്തിന് ലൈസൻസ് നിർബന്ധമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ലൈസൻസ് ആവശ്യപ്പെടാൻ പാടുള്ളൂ. അത്തരം നിബന്ധനയുടെ കാരണം തൊഴിൽ പരസ്യത്തിൽ ചുരുക്കമായി വിശദീകരിക്കണം.

ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ളവരും പോലീസും തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുന്നതിനായി ബ്ലൂ എൻവലപ്പ് പ്രോഗ്രാം ആരംഭിക്കും.

ഡ്രൈവിങ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, ഇൻഷുറൻസ് രേഖകൾ തുടങ്ങിയവ പ്രത്യേക നീല കവറിൽ സൂക്ഷിക്കാം. പോലീസ് വാഹനപരിശോധന നടത്തുമ്പോൾ ഈ കവർ കാണിക്കുന്നതിലൂടെ വ്യക്തിക്ക് പ്രത്യേക ആശയവിനിമയ സഹായമോ കൂടുതൽ സമയമോ ആവശ്യമായി വന്നേക്കാമെന്ന് ഉദ്യോഗസ്ഥർക്ക് മനസ്സിലാക്കാൻ കഴിയും.

പദ്ധതിയിൽ പങ്കെടുക്കുന്നത് പൂർണമായും സ്വമേധയാ ആയിരിക്കും. ജനുവരി ഒന്നുമുതൽ സംസ്ഥാനത്തെ ഡിഎംവി കേന്ദ്രങ്ങളിലും ഇല്ലിനോയി സ്റ്റേറ്റ് ലൈബ്രറിയിലും സൗജന്യമായി കവറുകൾ ലഭ്യമാകും.

2027 ജൂലൈ ഒന്നുമുതൽ ഉപഭോക്തൃ അവകാശങ്ങൾ ശക്തിപ്പെടുത്തുന്ന പുതിയ നിയമം പ്രാബല്യത്തിൽ വരും.

തുറക്കാത്തതോ ഉപയോഗിക്കാത്തതോ ആയ ഒരു ഉൽപ്പന്നം തിരിച്ചെടുക്കാൻ വ്യാപാരസ്ഥാപനം സമ്മതിച്ചാൽ, റീഫണ്ടായി സ്റ്റോർ ക്രെഡിറ്റ് മാത്രം നൽകണമെന്ന നിബന്ധന ഏർപ്പെടുത്താൻ പാടില്ല.

എന്നാൽ എല്ലാ സാധനങ്ങളും നിർബന്ധമായും തിരിച്ചെടുക്കണമെന്നല്ല നിയമം പറയുന്നത്. സ്ഥാപനങ്ങൾക്ക് യുക്തിസഹമായ റിട്ടേൺ പോളിസി തുടരാം. വാങ്ങിയതിന്റെ തെളിവ് ആവശ്യപ്പെടാനും തട്ടിപ്പ് സംശയിക്കുന്ന സാഹചര്യങ്ങളിൽ റിട്ടേൺ നിരസിക്കാനും അനുവാദമുണ്ട്.

മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ഭക്ഷണപാനീയങ്ങൾ തുടങ്ങിയവയ്ക്ക് ഈ നിയമം ബാധകമല്ല. ഇലക്ട്രിക് സൈക്കിളുകൾ, സ്കൂട്ടറുകൾ, ഇലക്ട്രിക് സ്കൂട്ടറുകൾ, ഇലക്ട്രിക് സ്കേറ്റ്ബോർഡുകൾ, ഇലക്ട്രിക് യൂണിസൈക്കിളുകൾ, മറ്റു ചെറിയ ഇലക്ട്രിക് വാഹനങ്ങൾ എന്നിവയ്ക്ക് പുതിയ വർഗീകരണവും ഉപയോഗനിയന്ത്രണങ്ങളും കൊണ്ടുവരും.

750 വാട്ടിൽ കൂടുതലും 8,000 വാട്ട് വരെയും ശേഷിയുള്ള ചില ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾക്ക് വാഹന ▶ 7

മുഖ്യമന്ത്രി വി ഡി സതീശനുമായി പ്രമുഖ ഓങ്കോളജിസ്റ്റും സാഹിത്യകാരനുമായ ഡോ.എം. വി. പിള്ള കൂടിക്കാഴ്ച നടത്തി



- പി. പി ചെറിയാൻ

ഡാളസ്/തിരുവനന്തപുരം: മുഖ്യമന്ത്രി വി. ഡി സതീശനുമായി ഡാളസിൽ നിന്നുള്ള പ്രമുഖ ഓങ്കോളജിസ്റ്റും സാഹിത്യകാരനുമായ ഡോ.എം.വി. പിള്ള നവംബർ 9 തിങ്കളാഴ്ച വൈകിട്ട് ക്ലിഫ് ഹൗസ് അങ്കണത്തിൽ കൂടിക്കാഴ്ച നടത്തി.

ആരോഗ്യ രംഗത്തെ നിലവിലെ സാഹചര്യങ്ങൾ, അർബുദ ചികിത്സാ രംഗത്ത് കേരളത്തിൽ വരുത്തേണ്ട മാറ്റങ്ങൾ, മെഡിക്കൽ മേഖലയിലെ പുത്തൻ ഗവേഷണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി.

ലൈഫ് സയൻസസ് പാർക്കിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിവന്റീവ് ഓങ്കോളജി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ എല്ലാ പിന്തുണയും ലഭ്യമാക്കുമെന്ന് ചടങ്ങിൽ പങ്കെടുത്ത സംസ്ഥാന മുഖ്യമന്ത്രിയും തിരുവനന്തപുരം മേയറും ഉറപ്പുനൽകി.

സ്വസ്തി ഫൗണ്ടേഷൻ പ്രവർത്തകരാണ് ഈ പദ്ധതിക്കായി അഹോരാത്രം പ്രയത്നിക്കുന്നത്.

ഹൂസ്റ്റൺ ഫ്രണ്ട്സ് കേരള പിറവിയും ദീപാവലിയും സംയുക്തമായി ആഘോഷിച്ചു



- ജോസഫ് തോമസ് ഹൂസ്റ്റൺ

ഷുഗർ ലാൻഡ്: ഹൂസ്റ്റണിലെ ഷുഗർ ലാൻഡ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കലാസാംസ്കാരിക പ്രസ്ഥാനമായ ഹ്യൂസ്റ്റൺ ഫ്രണ്ട്സ് കേരള പിറവി, ദീപാവലി ആഘോഷങ്ങൾ സംയുക്തമായി ഷുഗർലാൻഡിലെ ബോൺസൗത്ത് റെസ്റ്ററന്റിൽ നവംബർ 8നു വിപുലമായി ആഘോഷിച്ചു.

ആഘോഷത്തോടനുബന്ധിച്ചു വൈസ് പ്രസിഡണ്ട് പ്രിൻസ് പാലാ സ്വാഗതം ആശംസിച്ചു. അമേരിക്കൻ മലയാളികളിലെ മലയാളിത്തം കേരളത്തനിമ എന്നീ വിഷയങ്ങൾ മുൻനിർത്തി പ്രസിഡന്റ് ജോഫി മൂലൻ പ്രഭാഷണം നടത്തി. തിന്മയെ ജയിച്ചു ദീപങ്ങളുടെ പ്രശോഭയോടെ നന്മ കടന്നു വരുന്ന ദീപാവലി നമ്മുടെ ജീവിതത്തിൽ പകർത്തണമെന്നു അദ്ദേഹം തദവസരത്തിൽ പ്രസ്താവിച്ചു.

ട്രഷറർ അജി വൈക്കം, പിആർഒ സന്തോഷ് കുമരകം, ജോയിന്റ് സെക്രട്ടറി തോമസ് കോട്ടയം എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഹൂസ്റ്റൺ ഫ്രണ്ട്സിനു മലയാളി സമൂഹം നൽകി വരുന്ന സഹകരണത്തിനു നന്ദി തന്റെ കൃതജ്ഞത വേളയിൽ ആലപ്പി ജോസഫ് പ്രത്യേകം രേഖപ്പെടുത്തി. ഗ്രാൻഡ് സ്പോൺസർ നാഷണൽ എ സി ഉടമ തോമസ് ആന്റണിയെ യോഗം പ്രത്യേകം പ്രശംസിച്ചു. ക്രിസ്മസ് നവവത്സര ആഘോഷ കമ്മറ്റിയുടെ നേതൃത്വത്തിലേക്ക് അജി വൈക്കത്തെ കമ്മറ്റി ചുമതലപ്പെടുത്തി. ആലപ്പി ജോസഫ്, സന്തോഷ് കുമരകം എന്നിവർ നയിച്ച കരോക്കേ ഗാനമേള ശ്രദ്ധേയമായി.



കാനഡയിലെ ക്നാനായ കാത്തലിക് കോൺഗ്രസ് വെസ്റ്റേൺ ഒന്റാറിയോയുടെ സുവനീറിന്റെ കവർ പേജ് പ്രകാശനം ഇടവക വികാരി ഫാ. സജി ചാഴിശ്ശേരിൽ നിർവ്വഹിക്കുന്നു.

വേൾഡ് മലയാളി കൗൺസിൽ ബ്രാംപ്ടൺ പ്രൊവിൻസ് കനേഡിയൻ മന്ത്രി റൂബി സഹോട്ട ഉദ്ഘാടനം ചെയ്തു



കാനഡ: ആഗോള മലയാളി സമൂഹത്തെ സൗഹൃദത്തിന്റെയും ഐക്യത്തിന്റെയും ഒരുകുടക്കീഴിൽ അണിനിരത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ അമേരിക്ക റീജിയന് കീഴിൽ പുതുതായി രൂപീകരിച്ച ബ്രാംപ്ടൺ പ്രൊവിൻസിന്റെ ഔദ്യോഗിക ഉദ്ഘാടനവും പ്രഥമ ഭരണസമിതിയുടെ സ്ഥാനാരോഹണവും നടന്നു.

ഒക്ടോബർ 31 ശനിയാഴ്ച നടന്ന ചടങ്ങിൽ കാനഡ പാർലമെന്റ് അംഗവും ഫെഡറൽ സ്റ്റേറ്റ് സെക്രട്ടറിയുമായ (കുറ്റകൃത്യ പ്രതിരോധ വിഭാഗം) റൂബി സഹോട്ട മുഖ്യാതിഥിയായി പങ്കെടുത്ത് ഉദ്ഘാടനം നിർവഹിച്ചു. കാനഡയുടെ സാമൂഹിക സാംസ്കാരിക മേഖലകളിൽ മലയാളി സമൂഹം നൽകുന്ന സജീവ സംഭാവനകളെ മന്ത്രി പ്രശംസിച്ചു.

കേരളത്തിന്റെ വേരുകളിൽ നിന്ന് കാനഡയുടെ അവസരങ്ങളിലേക്ക് ഐക്യത്തിലൂടെ കരുത്തുറ്റ മലയാളി സമൂഹം എന്ന ആപ്തവാക്യമുയർത്തിയാണ് പുതിയ പ്രൊവിൻസ് പ്രവർത്തനം ആരംഭിച്ചത്. മലയാളികളുടെ തനത് സാംസ്കാരിക പൈതൃകം പുതുതലമുറയ്ക്ക് പകർന്നുനൽകുന്നതിനൊപ്പം പ്രവാസി സമൂഹത്തിൽ സാമൂഹിക പ്രതിബദ്ധതയും ജീവകാരുണ്യ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

ഡബ്ല്യു.എം.സി അമേരിക്ക റീജിയൻ പ്രസിഡന്റ് പിന്റോ കണ്ണമ്പള്ളി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അമേരിക്ക റീജിയൻ അഡൈസറി ബോർഡ് ചെയർമാൻ ചാക്കോ കോയിക്കലത്ത് 2026-2028 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. മെർലിൻ സുസൻ ഫിലിപ്പിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ ബ്രാംപ്ടൺ പ്രൊവിൻസ് പ്രസിഡന്റ് ബിന്ദു സുനിൽ സ്വാഗതം ആശംസിച്ചു. അമേരിക്ക റീജിയൻ വനിതാ ഫോറം പ്രസിഡന്റ് ഡോ. സുസൻ ചാണ്ടി ചടങ്ങുകൾ ഏകോപിപ്പിച്ചു. ഒന്റാറിയോ പ്രൊവിൻസ് പ്രതിനിധി മുരളി പണിക്കർ മുഖ്യാതിഥിയെ സദസ്സിന് പരിചയപ്പെടുത്തി. വൈസ് ചെയർമാൻ സംഗീത് മാലിയ്ക്കൽ മുഖ്യാതിഥിക്ക് നന്ദിയും ബ്രാംപ്ടൺ പ്രൊവിൻസ് ചെയർമാൻ സുനിൽകുമാർ ശങ്കുണ്ണി സമാപന കൃതജ്ഞതയും രേഖപ്പെടുത്തി.

ഡബ്ല്യു.എം.സി ഗ്ലോബൽ ചെയർമാൻ ജോൺ മത്തായി, ഗ്ലോബൽ പ്രസിഡന്റ് ജോളി തടത്തിൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ്, ഗ്ലോബൽ ട്രഷറർ ജോൺസൺ തലച്ചെല്ലൂർ, അമേരിക്ക റീജിയൻ ചെയർമാൻ ജോണി കുന്നംപുറം, ജനറൽ സെക്രട്ടറി അനീഷ് ജെയിംസ്, ട്രഷറർ നിവിൻ വിൽഫ്രഡ്, ആൽബർട്ട പ്രൊവിൻസ് പ്രസിഡന്റ് ബെനോയ് ജോസഫ്, ഒന്റാറിയോ പ്രൊവിൻസ് പ്രസിഡന്റ് ഡേവിസ് ഫെർണാണ്ടസ് എന്നിവർ പുതിയ നേതൃത്വത്തിന് ആശംസകൾ നേർന്നു.

ബ്രാംപ്ടൺ പ്രൊവിൻസിന്റെ കർമ്മപദ്ധതികൾ പരിചയപ്പെടുത്തുന്ന ദൃശ്യാവിഷ്കാരവും ചടങ്ങിൽ പ്രദർശിപ്പിച്ചു. തുടർന്ന് അഞ്ജന ശ്രീകുമാറിന്റെ സംഗീതവിരുന്നും കാൽഗറി നോർത്തേൺ ഗ്രൂവേഴ്സ് അവതരിപ്പിച്ച നൃത്തശില്പവും അരങ്ങേറി.

സുനിൽകുമാർ ശങ്കുണ്ണി (ചെയർമാൻ), ബിന്ദു സുനിൽ (പ്രസിഡന്റ്), സംഗീത് മാലിയ്ക്കൽ (വൈസ് ചെയർമാൻ), അവന്തിക തരകൻ (വൈസ് ചെയർപേഴ്സൺ), സുമി രാജ് (സെക്രട്ടറി), തുഷാർ സുദർശനൻ (അസോസിയേറ്റ് സെക്രട്ടറി), ജോയ്സ് അഗസ്റ്റിൻ (ട്രഷറർ) എന്നിവരാണ് പ്രഥമ ഭരണസമിതി ഭാരവാഹികൾ

കേരളപ്പിറവി ആഘോഷം ഗംഭീരമാക്കി ഹൂസ്റ്റണിൽ റാന്നി അസോസിയേഷൻ



- ജിൻസ് മാത്യു, റിവർസ്റ്റോൺ

ഹൂസ്റ്റൺ: കേരളത്തിന്റെ എഴുപതാം പിറവി ആഘോഷവും കുടുംബ സംഗമവും ഹൂസ്റ്റൺ റാന്നി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്റ്റാഫോർഡ് അപ്പ്നാ ബാസാർ മാക്സ് ഫ്യൂഷൻ റസ്റ്റൊറന്റിൽ ആഘോഷിച്ചു. കേരളത്തിന്റെ പാരമ്പര്യ സാംസ്കാരിക കലാപരിപാടികൾ അവതരിപ്പിച്ചും മലയാള തനിമ നില നിർത്തുന്ന വേഷ വിധാനങ്ങളുമായി കുടുംബാംഗങ്ങൾ ഒത്ത് ചേർന്ന് സന്തോഷം പങ്കിട്ടു.

കേരള രുചിക്കൂട്ട് നുകരുന്ന മലയാളി മീൽസ് ഏവരും ആസ്വദിച്ചു. എച്ച്.ആർ. എ പ്രസിഡന്റ് ബിജു സഖറിയാ കളരിക്ക മുറിയിൽ അധ്യക്ഷത വഹിച്ച സമ്മേളനം ഫാദർ ജെക്കു സഖറിയ ചിരവുപറമ്പിൽ ഉദ്ഘാടനം ചെയ്തു. മാഗ്പ്രസിഡന്റ് റോയി മാത്യു മുഖ്യ പ്രഭാഷണം നടത്തി. സെക്രട്ടറി വിനോദ് ചെറിയാൻ, ബിനു സഖറിയ, ജീമോൻ റാന്നി, ജിൻസ് മാത്യു കിഴക്കേതിൽ, ബാബു കലീന, സി.ജി ദാനിയേൽ എന്നിവർ പ്രസംഗിച്ചു.

ഓൺലൈൻ തയ്യൽ പരിശീലനവുമായി ഡബ്ല്യു. എം.സി അമേരിക്ക റീജിയൻ വിമൻസ് ഫോറം



വാഷിംഗ്ടൺ ഡി.സി: സ്ത്രീശാക്തീകരണത്തിനും പ്രവാസി വനിതകളുടെ സ്വയംപര്യാപ്തതയ്ക്കും പുതിയ ദിശാബോധം നൽകി വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ വനിതാ ഫോറം കർമ്മരംഗത്ത് കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറുന്നു. വനിതകളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ തൊഴിൽ നൈപുണ്യങ്ങൾ വളർത്തുന്നതിനുമായി വനിതാ ഫോറം സംഘടിപ്പിക്കുന്ന ഓൺലൈൻ തയ്യൽ പരിശീലന ക്ലാസുകൾക്ക് 2026 നവംബർ 8 ഞായറാഴ്ച തുടക്കം കുറിക്കും. വൈകിട്ട് 4 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയാണ് ക്ലാസുകൾ ആരംഭിക്കുന്നത്.

ലോകത്തിലെ ഏറ്റവും വലിയ മലയാളി കൂട്ടായ്മകളിലൊന്നായ വേൾഡ് മലയാളി കൗൺസിലിന്റെ അമേരിക്ക റീജിയൻ വനിതാ ഫോറം, അതിരുകൾക്കപ്പുറം സൗഹൃദത്തിന്റെ ഇഴകൾ കോർത്തിണക്കാം എന്ന മനോഹരമായ ആശയവുമായാണ് ഈ നൂതന സംരംഭത്തിന് രൂപം നൽകിയിരിക്കുന്നത്.

അമേരിക്കയിലെയും കാനഡയിലെയും മലയാളി വനിതകൾക്ക് പ്രായഭേദമന്യേ ഒരുമിച്ച് പഠിക്കാനും, ഉള്ളിലെ കലാപരമായ കഴിവുകൾ വികസിപ്പിക്കാനും, സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്താനുമുള്ള സുവർണ്ണാവസരമാണ് ഇതിലൂടെ ഒരുങ്ങുന്നത്.

ആഴ്ചയിൽ ഒരു ക്ലാസിന് 10 ഡോളറാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. മൂന്ന് മാസം കൂടുമ്പോൾ പുതിയ പരിശീലന ബാച്ചുകൾ ആരംഭിക്കും. സീറ്റുകൾ പരിമിതമായതിനാൽ ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കായിരിക്കും പ്രവേശനത്തിൽ മുൻഗണന ലഭിക്കുക.

വനിതാ ഫോറം പ്രസിഡന്റ് ഡോ.സൂസൻ ചാണ്ടിയുടെ അധ്യക്ഷതയിൽ സെക്രട്ടറി ആലീസ് മഞ്ചേരി, ട്രഷറർ ആലീസ് സ്റ്റീഫൻ, വൈസ് പ്രസിഡന്റ് ഡോ. ജെയ്സി ബൈജു, ജോയിന്റ് സെക്രട്ടറി ലീലാമ്മ വർഗീസ് എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും മികച്ച നേതൃത്വത്തിലൂടെയുമാണ് ഈ സംരംഭം അണിയിച്ചൊരുക്കുന്നത്. സേവനപ്രവർത്തനങ്ങൾക്കും ജീവകാരുണ്യ സംരംഭങ്ങൾക്കും ഒപ്പം വനിതകളുടെ വ്യക്തിത്വവികസനത്തിനും ആത്മവിശ്വാസത്തിനും പ്രാധാന്യം നൽകുന്ന വനിതാ ഫോറത്തിന്റെ ഈ പുതിയ ചുവടുവയ്പ്പ് ഏറെ പ്രതീക്ഷകളോടെയാണ് പ്രവാസി സമൂഹം നോക്കിക്കാണുന്നത്.

വനിതാ ഫോറത്തിന്റെ ഈ മാതൃകാപരമായ മുന്നേറ്റത്തിന് വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ചെയർമാൻ ജോണി കുന്നപ്പുറം, പ്രസിഡന്റ് പിന്റോ കണ്ണമ്പള്ളി, ജനറൽ സെക്രട്ടറി അനീഷ് ജെയിംസ്, ട്രഷറർ നിവിൻ വിൽഫ്രഡ് എന്നിവരുടെ പൂർണ്ണ പിന്തുണയുമുണ്ട്.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി +1 (936) 3803252 എന്ന നമ്പറിൽ ഫോൺ വഴിയോ വാട്സ്ആപ്പ് മുഖേനയോ wmc america95@gmail.com ബന്ധപ്പെടാവുന്നതാണ്.

15th November- **World Day of Remembrance for Road Traffic Victims** (Third Sunday in November)

Every year, the third Sunday of November is designated as World Day of Remembrance for Road Traffic Victims. This day emphasizes how the number of annual road traffic fatalities has increased. There has been an increase in road traffic injuries, and there are now some leading killers of people aged 5 to 29 years.Buy Maps

16th November- **International Day for Tolerance**

On November 16, the International Day of Tolerance is observed to raise awareness about the importance of tolerance by encouraging mutual understanding among cultures and peoples. By resolution 51/95, the UN General Assembly invited UN Member States to observe the International Day of Tolerance on November 16, 1966.Find Study Aids

16th November- **National Press Day**

Every year on November 16th, National Press Day is observed to recognize and honour the Press Council of India (PCI). The day celebrates the existence of a free and accountable press in the nation.

ഷാലു പുന്നൂസ് ഫോമാ കൺവെൻഷൻ 2028 ചെയർ

- സൈജൻ കണിയോടിക്കൽ

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസിന്റെ 2028 കൺവെൻഷൻ ചെയറായി ഫിലാഡൽഫിയയിൽ നിന്നുള്ള മുൻ ഫോമാ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസിനെ തിരഞ്ഞെടുത്തു. ഫോമയുടെ ദേശീയ നേതൃത്വമാണ് ഷാലു പുന്നൂസിനെ ഈ സുപ്രധാന ചുമതലയിലേക്ക് തിരഞ്ഞെടുത്തത്. വിവിധ സംഘടനകളിലും സാമൂഹിക, സാംസ്കാരിക, ആരോഗ്യ പരിപാലന മേഖലകളിലും ദീർഘകാലമായി പ്രവർത്തിച്ചു വരുന്ന ഷാലു പുന്നൂസിന്റെ നേതൃത്വപരിചയം 2028 കൺവെൻഷന്റെ സംഘാടനത്തിന് മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷ.

ഫോമ പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരടങ്ങുന്ന ദേശീയ നേതൃത്വമാണ് നിലവിൽ ഫോമയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഈ ദേശീയ നേതൃത്വത്തിന്റെ തീരുമാനത്തിലൂടെയാണ് ഷാലു പുന്നൂസിനെ 2028 കൺവെൻഷൻ ചെയറായി തിരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ചുമതല ഫോമയുടെ ദേശീയ തലത്തിലുള്ള പ്രധാന ഉത്തരവാദിത്വമായാണ് വിലയിരുത്തപ്പെടുന്നത്.

സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ ട്രസ്റ്റിയായാണ് ഷാലു പുന്നൂസ് സാമൂഹിക പ്രവർത്തനരംഗത്ത് സജീവമാകുന്നത്. എക്യൂമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസിൽ ട്രസ്റ്റി സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയയുടെ പ്രസിഡന്റായും ഫോമ നാഷണൽ കമ്മിറ്റി അംഗമായും വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുള്ള ഷാലു പുന്നൂസിന് സംഘടനാ രംഗത്ത് വിപുലമായ അനുഭവസമ്പത്തുണ്ട്.

ബഡി ബോയ്സ് ഫിലാഡൽഫിയയുടെ സ്ഥാപകനായ അദ്ദേഹം ഫിലാഡൽഫിയ പോലീസ് അഡൈസറി ബോർഡ് അംഗം, മോണ്ട്ഗോമറി കൗണ്ടി ഹെൽത്ത് അഡൈസറി കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ആരോഗ്യപരിപാലന രംഗത്തും ഷാലു പുന്നൂസിന് വിപുലമായ പ്രവർത്തന പരിചയമുണ്ട്. ഫിലാഡൽഫിയ കറക്ഷൻ ഡിപ്പാർട്ട്മെന്റിൽ നഴ്സായി സേവനമനുഷ്ഠിച്ച അദ്ദേഹം ഹോം കെയർ, അഡൾട്ട് ഡേ കെയർ മേഖലകളിൽ സംരംഭകനായും പ്രവർത്തിക്കുന്നു.

സാമൂഹികസംഘടനാ പ്രവർത്തനങ്ങൾക്കൊപ്പം കലാരംഗത്തും സാന്നിധ്യമറിയിച്ചിട്ടുള്ള ഷാലു പുന്നൂസ് രണ്ട് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

2028ലെ കൺവെൻഷന്റെ സംഘാടന പ്രവർത്തനങ്ങൾക്ക് ഷാലു പുന്നൂസിന്റെ നേതൃത്വത്തിൽ തുടക്കം കുറിക്കും. അമേരിക്കൻ മലയാളി സമൂഹത്തിന്റെ വിവിധ മേഖലകളെ ഒരുമിപ്പിക്കുന്ന ദേശീയ വേദിയെന്ന നിലയിൽ കൺവെൻഷനെ വിജയകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായിരിക്കും ഇനി മുൻഗണന. ഷാലു പുന്നൂസിന്റെ തിരഞ്ഞെടുപ്പിനെ ഫോമയുടെ ദേശീയ ഭാരവാഹികളും വിവിധ അംഗസംഘടനാ പ്രതിനിധികളും അഭിനന്ദിച്ചു.

ഇല്ലിനോയിയിൽ പുതിയ നിയമങ്ങൾ; ഉപഭോക്തൃ അവകാശങ്ങളിലും മാറ്റങ്ങൾ

5-ാം പേജിൽ നിന്നും

ഉടമസ്ഥാവകാശ രേഖ സംബന്ധിച്ച പ്രത്യേക നിബന്ധനകൾ ബാധകമാകും.

ചില ചെറിയ ഇലക്ട്രിക് വാഹനങ്ങൾക്ക് സാധാരണ മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഡ്രൈവിങ് ലൈസൻസ്, ഓട്ടോ ഇൻഷുറൻസ് തുടങ്ങിയ നിബന്ധനകളിൽ ഒഴിവുകൾ ലഭിക്കും.

ആത്മഹത്യാ പ്രതിരോധ ഹെൽപ് ലൈൻ വിവരങ്ങൾ പൊതുസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കണം.

മാനസികാരോഗ്യ പ്രതിസന്ധി നേരിടുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിനും ആത്മഹത്യാ പ്രതിരോധ സേവനങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനുമാണ് നടപടി.

അത്യാധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനങ്ങൾ വികസിപ്പിക്കുന്ന വലിയ കമ്പനികൾക്ക് സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമാക്കുന്ന ആർട്ടിഫിഷൽ ഇന്റലിജൻസ് സേഫ്റ്റി മെഷർ ആക്ട് പ്രാബല്യത്തിൽ വരും.

വലിയ അപകടസാധ്യതകൾ വിലയിരുത്തുക, സൈബർ സുരക്ഷ ഉറപ്പാക്കുക, സ്വതന്ത്ര പരിശോധനകൾ നടത്തുക, പ്രധാന സുരക്ഷാ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുക തുടങ്ങിയ ഉത്തരവാദിത്വങ്ങളാണ് നിയമം നിർദേശിക്കുന്നത്.

ഒരു സംഭവത്തിൽ 50ൽ കൂടുതൽ ആളുകളുടെ മരണമോ ഗുരുതര പരിക്കുകളോ, അല്ലെങ്കിൽ 100 കോടി ഡോളറിലധികം സാമ്പത്തിക നഷ്ടമോ ഉണ്ടാക്കാവുന്ന ചില നിർവചിത സാഹചര്യങ്ങളെ നിയമം അതീവഗുരുതര അപകടസാധ്യതകളായി കണക്കാക്കുന്നു.

പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ വാടകക്കാർക്കും തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും കൂടുതൽ നിയമപരമായ സംരക്ഷണം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തൊഴിലുടമകളും വ്യാപാരസ്ഥാപനങ്ങളും കെട്ടിട ഉടമകളും ബന്ധപ്പെട്ട നിയമങ്ങൾക്കനുസരിച്ച് അവരുടെ നടപടിക്രമങ്ങൾ പുതുക്കേണ്ടിവരും.

വത്തിക്കാൻ മാധ്യമവിഭാഗത്തിന്റെ തലപ്പത്ത് ചരിത്രത്തിലാദ്യമായി വനിത; മോൺസെ അൽവരാഡോ ചുമതലയേറ്റു

- ഡോ.ജോർജ് എം. കാക്കനാട്ട്



വത്തിക്കാൻ സിറ്റി: കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ട്, വത്തിക്കാന്റെ വാർത്താവിനിമയ വിഭാഗമായ ഡിക്കാസ്റ്ററി ഫോർ കമ്മ്യൂണിക്കേഷന്റെ പ്രിഫെക്ടായി മെക്സിക്കൻ അമേരിക്കൻ മാധ്യമപ്രവർത്തക മരിയ മോൺസെറാത്ത് (മോൺസെ) അൽവരാഡോ ചുമതലയേറ്റു. ലെയോ പതിനാലാമൻ മാർപാപ്പ നടത്തിയ നിയമനം 2026 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. ഈ പദവിയിലെത്തുന്ന ആദ്യ വനിതയും ആദ്യ അൽമായ വനിതയും ഇറ്റലിക്കാരിയല്ലാത്ത ആദ്യ വ്യക്തിയുമാണ് അവർ.

1986ൽ മെക്സിക്കോ സിറ്റിയിൽ ജനിച്ച അൽവരാഡോ ബാല്യത്തിൽ അമേരിക്കയിലേക്ക് കുടിയേറി. ഫ്ലോറിഡ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദവും ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. മതസ്വാതന്ത്ര്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന അമേരിക്കയിലെ പ്രമുഖ നിയമസംഘടനയായ ബെക്കറ്റ് ഫണ്ട് ഫോർ റിലീജിയസ് ലിബർട്ടിയിൽ ഒരു ദശാബ്ദത്തിലേറെ വിവിധ നേതൃത്വസ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ചു.

2021ൽ ആഗോള കത്തോലിക്കാ മാധ്യമശൃംഖലയായ ഇഡബ്ല്യുടിഎൻ-ൽ ചേർന്ന അവർ വാർത്താ അവതാരകയായും ശ്രദ്ധ നേടി. 2023ൽ ഇഡബ്ല്യുടിഎൻ പ്രസിഡന്റും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുമായി നിയമിതയായി. അന്താരാഷ്ട്ര ടെലിവിഷൻ, അച്ചടി, ഡിജിറ്റൽ മാധ്യമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വിപുലമായ പരിചയവും അവർക്കുണ്ട്.

വത്തിക്കാൻ ന്യൂസ്, വത്തിക്കാൻ റേഡിയോ, ഹോളി സീ പ്രസ് ഓഫീസ്, പ്രസിദ്ധീകരണ അച്ചടി വിഭാഗങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സുപ്രധാന ഉത്തരവാദിത്വമാണ് പുതിയ പ്രിഫെക്ടിനുള്ളത്. വിവിധ ഭാഷകളിലൂടെയും ആധുനിക ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും സഭയുടെ സന്ദേശം ലോകമെമ്പാടുമുള്ള ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ദൗത്യം.

സഭയുടെ വാർത്താവിനിമയ സംവിധാനങ്ങളെ കൂടുതൽ സജീവവും ജനകീയവും ആധുനികവുമാക്കണമെന്ന ലെയോ പതിനാലാമൻ മാർപാപ്പയുടെ കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഈ നിയമനം വിലയിരുത്തപ്പെടുന്നത്. അൽവരാഡോയുടെ സർഗാത്മകതയും മാധ്യമരംഗത്തെ അനുഭവസമ്പത്തും പ്രവർത്തനമികവും മാർപാപ്പ പ്രത്യേകം പ്രശംസിച്ചിട്ടുണ്ട്.

മുൻ പ്രിഫെക്ട് പൗലോ റുഫീനിയുടെ പിൻഗാമിയായാണ് അൽവരാഡോ ചുമതലയേറ്റത്. സഭയുടെ ഭരണനേതൃത്വത്തിൽ വനിതകൾക്കും അൽമായ വിശ്വാസികൾക്കും കൂടുതൽ ഉത്തരവാദിത്വങ്ങൾ ലഭിക്കുന്നതിന്റെ ശ്രദ്ധേയമായ ഉദാഹരണമാണ് ഈ നിയമനം.

ആധുനിക മാധ്യമലോകത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സുവിശേഷസന്ദേശം കൂടുതൽ ഫലപ്രദമായി ലോകജനതയിലേക്ക് എത്തിക്കുക എന്ന മഹത്തായ ദൗത്യമാണ് പുതിയ നേതൃത്വത്തിനു മുന്നിലുള്ളത്. ആഗോള കത്തോലിക്കാ സഭയുടെ മാധ്യമചരിത്രത്തിൽ ഈ നിയമനം ഒരു പുതിയ നാഴികക്കല്ലായി മാറുകയാണ്.

2026 ജൂൺ 2നാണ് ലെയോ പതിനാലാമൻ മാർപാപ്പ മോൺസെ അൽവരാഡോയെ വത്തിക്കാന്റെ വാർത്താവിനിമയ വിഭാഗത്തിന്റെ പ്രിഫെക്ടായി നിയമിച്ചുകൊണ്ടുള്ള ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. തുടർന്ന്, 2026 നവംബർ 1ന് മുൻ പ്രിഫെക്ട് പൗലോ റുഫീനിയുടെ പിൻഗാമിയായി അവർ ഔദ്യോഗികമായി ചുമതലയേറ്റു.

ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ പള്ളിയിൽ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിച്ചു



- ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്ക ഫൊറോന പള്ളിയിൽ സകല വിശുദ്ധരുടെയും തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു. ഇടവകയിലെ കുട്ടികളുടെയും കുടുംബങ്ങളുടെയും സജീവ പങ്കാളിത്തം ആഘോഷങ്ങൾക്ക് കൂടുതൽ മനോഹാരിത പകർന്നു. ആഘോഷങ്ങളുടെ ഭാഗമായി രാവിലെ 10 മണിക്ക് ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാലിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. വിശുദ്ധരുടെ ജീവിതമാതൃക നമ്മുടെ കുഞ്ഞുങ്ങൾക്കും കുടുംബങ്ങൾക്കും വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധിയിലും വളരാൻ എന്നും പ്രചോദനമാകട്ടെയെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

കുർബാനയെത്തുടർന്ന്, മതബോധന വിദ്യാർത്ഥികൾ തങ്ങളുടെ സ്വർഗീയ മധ്യസ്ഥരുടെ വേഷവിധാനങ്ങളണിഞ്ഞ് ദേവാലയത്തിലേക്ക് പ്രദക്ഷിണം നടത്തി. വിവിധ വിശുദ്ധരുടെ വേഷങ്ങളണിഞ്ഞെത്തിയ കൊച്ചു കുട്ടികളാൽ ദേവാലയം നിറഞ്ഞത് ഏറെ ഹൃദ്യമായ കാഴ്ചയായിരുന്നു. വിശുദ്ധരുടെ ജീവിതവും മാതൃകയും കുട്ടികളിലൂടെ പുനരാവിഷ്കരിക്കപ്പെട്ട ഈ കാഴ്ച വിശ്വാസികൾക്ക് വലിയ ആത്മീയ സന്തോഷം പകർന്നു. ഇതിൽ പങ്കെടുത്ത എല്ലാ കുട്ടികളെയും ഇടവക വികാരി ഫാ.എബ്രഹാം കളരിയ്ക്കൽ അഭിനന്ദിക്കുകയും അവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയും ആശീർവാദവും നടത്തുകയും ചെയ്തു. വിശുദ്ധരുടെ ജീവിതമാതൃക പിന്തുടർന്ന് വിശ്വാസത്തിലും വിശുദ്ധിയിലും വളരാൻ അദ്ദേഹം കുട്ടികളെ ഉദ്ബോധിപ്പിച്ചു. മതബോധന ഡയറക്ടർ കൊളീൻ കീഴങ്ങാട്ടും മറ്റ് മതബോധന അധ്യാപകരും ചേർന്ന് പരിപാടികൾ മികച്ചരീതിയിൽഏകോപിപ്പിച്ചു.

ഇംഗ്ലീഷ് വിശുദ്ധ കുർബാനയ്ക്കുശേഷം പള്ളിയുടെ പാർക്കിംഗ് ഏരിയയിൽ കുട്ടികൾക്കായി ട്രങ്ക് ഓർ ട്രീറ്റ് പരിപാടിയും സംഘടിപ്പിച്ചു. ഇടവക കുടുംബങ്ങൾ ആവേശപൂർവം പങ്കെടുത്ത ഈ പരിപാടിയിൽ വിവിധ വാഹനങ്ങളുടെ പിൻഭാഗങ്ങൾ വിശുദ്ധരുടെ ചിത്രങ്ങളും രൂപങ്ങളും ഉപയോഗിച്ച് മനോഹരമായി അലങ്കരിച്ചിരുന്നു. കുട്ടികൾ ഓരോ വാഹനത്തിനരികിലും എത്തി പ്രാർത്ഥനാകാർഡുകളും മിഠായികളും സ്വീകരിച്ചു. വിശ്വാസവും വിനോദവും ഒത്തുചേർന്ന ഈ പരിപാടി ഏറെ ആസ്വാദ്യകരമായി.

ചർച്ച് ഓഫ് ഗോഡ് ഏഷ്യ പസിഫിക് റീജിയൺ പ്രസിഡന്റായി റവ.ജോൺസൺ തരകൻ തെരഞ്ഞെടുക്കപ്പെട്ടു

- പി പി ചെറിയാൻ



ഡാളസ് /ബാങ്കോക്ക്: ചർച്ച് ഓഫ് ഗോഡ് ഏഷ്യ പസിഫിക് റീജിയന്റെ പുതിയ പ്രസിഡന്റായി ഡാലസിൽ നിന്നുള്ള ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യയുടെ പ്രസിഡന്റ് റവ.ജോൺസൺ തരകനെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.തായ്‌ലൻഡിൽ വച്ച് നടന്ന സംഘടനയുടെ ഏഷ്യ പസിഫിക് റീജിയണൽ സമ്മേളനത്തിലാണ് ഈ ചരിത്രപരമായ തീരുമാനം ഉണ്ടായത്. കഴിഞ്ഞ നാല് വർഷമായി ചർച്ച് ഓഫ് ഗോഡ് ഏഷ്യ പസിഫിക് റീജിയന്റെ വൈസ് പ്രസിഡന്റായി മികച്ച രീതിയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കാര്യക്ഷമമായ നേതൃത്വവും സംഘടനയുടെ വളർച്ചയ്ക്കായി നൽകിയ സംഭാവനകളും പരിഗണിച്ചാണ് ഈ ഉന്നത പദവിയിലേക്ക് ഐകൃകണ്ഠ്യേന തെരഞ്ഞെടുത്തത്.

ഏഷ്യ പസിഫിക് മേഖലയിലെ 23 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ഉന്നതതല യോഗത്തിലാണ് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായത്. റവ. ജോൺസൺ തരകന്റെ നേതൃത്വത്തിൽ ഏഷ്യ പസിഫിക് മേഖലയിലെ സഭാ പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ പ്രത്യാശ പ്രകടിപ്പിച്ചു.

1997 മുതൽ 2004 വരെ ജോൺസൺ ചർച്ച് ഓഫ് ഗോഡിന്റെ കൗൺസിൽ അംഗമായി സേവനമനുഷ്ഠിച്ചു. കൗൺസിൽ അംഗമെന്ന നിലയിൽ ഈ കാലഘട്ടങ്ങളിൽ, സഭാ ശുശ്രൂഷയും സ്വയം സഹായ പദ്ധതികളും വികസിപ്പിക്കാൻ അദ്ദേഹം സഹായിച്ചു. 2006 മുതൽ 2012 വരെ ഇന്ത്യയിലെ നാഗ്പൂരിൽ ചർച്ച് ഓഫ് ഗോഡ് മിനിസ്ട്രികളുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ച അദ്ദേഹം, തുടർന്ന് 2012 ഒക്ടോബർ 30ന് ചർച്ച് ഓഫ് ഗോഡിന്റെ പ്രസിഡന്റായും ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിയമത്തിലും ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദത്തിന് പുറമേ, ദിവ്യത്വത്തിലും കലയിലും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അദ്ദേഹത്തിന്റെ ഭാര്യ ലത മോളും രണ്ട് കുട്ടികളുമടങ്ങുന്നതാണ് കുടുംബം.

ഇല്ലിനോയിയിൽ 156 മില്യൺ ഡോളറിന്റെ ഭവനസഹായ പദ്ധതി

- അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ഇല്ലിനോയിയിൽ വീട് സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്കായി 156 മില്യൺ ഡോളറിന്റെ പുതിയ ഭവനസഹായ പദ്ധതികൾ പ്രഖ്യാപിച്ചു. ഗവർണർ ജെ.ബി. പ്രിറ്റ്സ്കർ പ്രഖ്യാപിച്ച ഈ പദ്ധതികൾ ഇല്ലിനോയി ഹൗസിങ് ഡെവലപ്മെന്റ് അതോറിറ്റിയിലൂടെ നടപ്പാക്കും.

പദ്ധതിയിലെ പ്രധാന ആകർഷണം ഓപ്പണിങ് ഡോർസ്എന്ന പദ്ധതിയാണ്. ഇതിലൂടെ യോഗ്യരായ അപേക്ഷകർക്ക് വീടിന്റെ ഡൗൺ പേയ്മെന്റിനോ ക്ലോസിങ് ചെലവുകൾക്കോ 9,000 ഡോളർ വരെ സഹായം ലഭിക്കും. നിശ്ചിത വ്യവസ്ഥകൾ പാലിച്ചാൽ ഈ തുക പിന്നീട് തിരിച്ചടയ്ക്കേണ്ടതില്ല.

ആദ്യമായി വീട് വാങ്ങുന്നവർക്ക് മാത്രമല്ല, മറ്റ് യോഗ്യരായ അപേക്ഷകർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഏകദേശം 3,000 പേർക്ക് ഈ സഹായം ലഭിക്കുമെന്നാണ് സംസ്ഥാനത്തിന്റെ വിലയിരുത്തൽ.

വിദ്യാഭ്യാസ വായ്പയുടെ ബാധ്യത കാരണം വീട് വാങ്ങാൻ ബുദ്ധിമുട്ടുന്നവർക്കായി സ്മാർട്ട്ബൈപദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ യോഗ്യരായവർക്ക് വിദ്യാഭ്യാസ വായ്പ അടയ്ക്കാൻ 40,000 ഡോളർ വരെ സഹായവും വീടിന്റെ ഡൗൺ പേയ്മെന്റിനോ ക്ലോസിങ് ചെലവുകൾക്കോ 5,000 ഡോളർ അധിക സഹായവും ലഭ്യമാക്കാനാണ് ലക്ഷ്യം.

കുറഞ്ഞ വരുമാനക്കാരായ കുടുംബങ്ങൾക്കും മുതിർന്ന പൗരന്മാർക്കും വിമുക്തഭടന്മാർക്കും താങ്ങാനാവുന്ന നിരക്കിലുള്ള ഭവനങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതിയിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ കൗണ്ടികളിലായി നൂറുകണക്കിന് ഭവനങ്ങൾക്കാണ് ഇതിലൂടെ പിന്തുണ ലഭിക്കുക.

സംസ്ഥാനത്ത് ഭവനക്ഷാമം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിലാണ് പുതിയ പദ്ധതി. ഇല്ലിനോയിയിൽ ഇപ്പോൾ ഏകദേശം 142,000 ഭവനങ്ങളുടെ കുറവുണ്ടെന്നാണ് കണക്കാക്കുന്നത്.

കൂടുതൽ വിവരങ്ങൾ ഇല്ലിനോയി ഹൗസിങ് ഡെവലപ്മെന്റ് അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി അക്കാദമിയുടെ ഏജന്റിക് എഐ വർക്ക് ഷോപ്പ് വിജയകരമായി സംഘടിപ്പിച്ചു



ന്യൂജേഴ്സി: കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ നേതൃത്വത്തിൽ ഹിൽസ്ബറോ ലൈബ്രറിയിൽ എജന്റിക് എഐ വർക്ക് ഷോപ്പ് നടന്നു. എൻജിനീയർമാർ, വിവിധ മേഖലകളിലെ പ്രൊഫഷണലുകൾ, വിദ്യാർഥികൾ, മുതിർന്നവർ എന്നിവരുൾപ്പെടെ അൻപതിലധികം പേർ പങ്കെടുത്തു.

ശരത് കൃഷ്ണൻ, ലിബിൻ ജോസ്, രവി വിജയൻ എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകി. എഐ ഏജന്റ് എന്താണെന്നും അവ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ലളിതമായ വിശദീകരണങ്ങളിലൂടെയും ഹാൻസ് ഓൺ ആക്ടിവിറ്റീസ് വഴിയും പരിചയപ്പെടുത്തി. വിവിധ പശ്ചാത്തലങ്ങളിലുള്ള തുടക്കക്കാർക്കും എളുപ്പത്തിൽ പിന്തുടരാവുന്ന രീതിയിൽ ഒരുക്കിയ വർക്ക്ഷോപ്പ്, സാങ്കേതികവിദ്യയുടെ അടിസ്ഥാനങ്ങൾ മനസ്സിലാക്കാനും പ്രായോഗിക പരിചയം നേടാനും അവസരമൊരുക്കി.

കാൻജ് പ്രസിഡന്റ് വിജയ് നമ്പ്യാർ ജനറൽ സെക്രട്ടറി ജോർജി സാമുവേൽ, ട്രഷറർ ഖുർഷിദ് ബഷീർ, ഐടി ലെഡ് നിതിൻ ജോയ് എന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു. മാറിവരുന്ന സാങ്കേതിക ലോകത്തിൽ എഐ അറിവിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ അവർ, പങ്കാളികൾക്ക് ആശംസകൾ നേരുകയും തുടർപഠനത്തിനും പരിശീലനത്തിനും പ്രോത്സാഹനം നൽകുകയും ചെയ്തു.

കാൻജ് ഐടി ടീം അംഗങ്ങൾ സെഷനുകളിലുടനീളം പങ്കാളികൾക്ക് മാർഗനിർദേശം നൽകി. വിദ്യാർഥികൾക്കും മുതിർന്നവർക്കും സംശയങ്ങൾ പരിഹരിക്കാനും വർക്ക്ഷോപ്പ് പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും ടീമിന്റെ സഹായം ലഭ്യമായിരുന്നു. പരിപാടിയുടെ ഏകോപനത്തിനും നടത്തിപ്പിനും കമ്മിറ്റി പിന്തുണ നൽകി.

പരിപാടിയുടെ നടത്തിപ്പിനും ഓൺ ഗ്രൗണ്ട് സപ്പോർട്ട് നൽകുന്നതിനുമായി കമ്മിറ്റി, കമ്മറ്റി അംഗങ്ങളായ ടോം നെറ്റിക്കാടൻ, ദയ ശ്യാം, രേഖ പ്രദീപ്, ശ്രീകുമാർ, അനൂപ്, കൃഷ്ണപ്രസാദ്, അസ്‌ലാം, രേഖ നായർ, സോഫിയ മാത്യു, അമിത്, സോണി, സന്തോഷ്, വിനീഷ്, സജീവ്, അരുൺ എ.കെ, അരുൺ ഗോപൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

സാംസ്കാരിക പൈതൃകവും സനാതന ധർമ ദർശനവും ഉയർത്തിപ്പിടിച്ച് കെ.എച്ച്.എൻ.എ കേരള കൺവെൻഷൻ



- കെ.എച്ച്.എൻ.എ കേരള ന്യൂസ് ഡെസ്ക്

ആലപ്പുഴ: കേരളത്തിന്റെ സാംസ്കാരിക പൈതൃകവും സനാതന ധർമദർശനവും പ്രവാസി സമൂഹത്തിന്റെ സംരംഭകത്വവും സമന്വയിപ്പിച്ച് കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.എച്ച്.എൻ.എ) കേരള കൺവെൻഷൻ ആലപ്പുഴയിൽ നടന്നു. രമദ ബൈ വിൻഡം ഹോട്ടലിൽ സംഘടിപ്പിച്ച കൺവെൻഷൻ ധർമ ബിയോണ്ട് ബോർഡേഴ്സ്, റൂട്ടഡ് ഇൻ കേരള എന്ന പ്രമേയത്തെ ആസ്പദമാക്കിയായിരുന്നു.

പ്രവാസി മലയാളികളുടെ സംരംഭകത്വം, സനാതന ധർമം, ഭാരതീയ ദർശനിക പാരമ്പര്യം, സാമൂഹിക ഉത്തരവാദിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകിയ കൺവെൻഷനിൽ ആത്മീയ, സാമൂഹിക, സാംസ്കാരിക, വ്യവസായ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

ഫിനിക്സ് റൈസ്, റിക്കൈയിംബിസിനസ് മീറ്റിൽ രാജ്മോഹൻ പിള്ള, ടി. പി. വിനയൻ (കെന്റ് കൺസ്ട്രക്ഷൻ), പ്രകാശ് (പറക്കാട്ട് ജ്വല്ലേഴ്സ്), സേതുമാധവൻ (കായകൽപ്പം) എന്നിവർ പങ്കെടുത്തു. സംരംഭകത്വത്തിലൂടെയുള്ള സാമ്പത്തിക വളർച്ച, പുതിയ വ്യവസായ സാധ്യതകൾ, പ്രവാസി സമൂഹത്തിന്റെ അനുഭവസമ്പത്ത് കേരളത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ എന്നിവ ചർച്ചയായി.

തുടർന്ന് നടന്ന ധർമസമ്മേളനത്തിൽ മാർഗദർശക മണ്ഡലം അധ്യക്ഷൻ സ്വാമി ചിദാനന്ദപുരി, ജൂന അഖാഡ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജ്, സ്വാമി ഗുരുദാസാനന്ദ സരസ്വതി എന്നിവർ സംസാരിച്ചു. സനാതന ധർമത്തിന്റെ കാലിക പ്രസക്തിയും സാമൂഹിക ജീവിതത്തിൽ ധാർമിക മൂല്യങ്ങൾക്കുള്ള പ്രാധാന്യവും സമ്മേളനത്തിൽ ചർച്ചയായി.

ആർഷദർശനംഎന്ന പേരിൽ നടന്ന മൂന്നാം സെഷനിൽ കെ.ജയകുമാർ ഐ.എ.എസിനും ആശാ മേനോനും ആർഷദർശന പുരസ്കാരങ്ങൾ സമ്മാനിച്ചു. ഡോ.എം.ജി. ശശിഭൂഷൺ, ഡോ.ജെ.പ്രമീളാദേവി, അഡ്വ.എസ്.ജയശങ്കർ എന്നിവർ ആശംസകൾ നേർന്നു. ഗുരുശ്രേഷ്ഠ പുരസ്കാരം ഡോ.സി.ടി. ഫ്രാൻസിസിന് സ്വാമി ചിദാനന്ദപുരി സമ്മാനിച്ചു. ഭാരതീയ ദർശനങ്ങളെയും വിജ്ഞാനപാരമ്പര്യത്തെയും ആധുനിക സമൂഹവുമായി ബന്ധിപ്പിക്കുന്ന വിഷയങ്ങളും സെഷനിൽ ചർച്ചയായി.

വൈകുന്നേരം നടന്ന ധർമസഭയിൽ മന്ത്രിമാരായ ഷിബു ബേബി ജോൺ, അഡ്വ. മോൻസ് ജോസഫ്, കെ.എ. തുളസി, എം.എൽ.എമാരായ റെജി ചെറിയാൻ, കെ. ബിനുമോൻ, എ. ഡി. തോമസ്, തിരുവനന്തപുരം ▶ 9

ചിക്കാഗോയുടെ ഔദ്യോഗിക ക്രിസ്മസ് ട്രീയായി 50 അടി ഉയരമുള്ള മരം തിരഞ്ഞെടുക്കപ്പെട്ടു; നവംബർ 20ന് മില്ലേനിയം പാർക്കിൽ ദീപാലങ്കാരം

- അനിൽ മറ്റത്തിക്കുന്നേൽ



ചിക്കാഗോ: 2026ലെ ക്രിസ്മസ് ആഘോഷങ്ങൾക്കായി ചിക്കാഗോ നഗരത്തിന്റെ ഔദ്യോഗിക ക്രിസ്മസ് ട്രീ തിരഞ്ഞെടുക്കപ്പെട്ടു. ഇല്ലിനോയിയിലെ കാംപ്ടൺ ഹിൽസിൽ താമസിക്കുന്ന ക്ലാർക്ക് കുടുംബം സംഭാവന ചെയ്ത ഏകദേശം 50 അടി ഉയരമുള്ള നോർവേ സ്പ്രൂസ് മരമാണ് ഇത്തവണ ചിക്കാഗോയിലെ പ്രശസ്തമായ മില്ലേനിയം പാർക്കിൽ ക്രിസ്മസ് ആഘോഷങ്ങളുടെ മുഖ്യ ആകർഷണമാകുന്നത്.

നവംബർ രണ്ടിന് ക്ലാർക്ക് കുടുംബത്തിന്റെ വീട്ടുമുറ്റത്തു നിന്ന് മരം മുറിച്ചുമാറ്റി പ്രത്യേക ക്രെയിനിന്റെ സഹായത്തോടെ ട്രക്കിലേക്ക് കയറ്റി. നവംബർ നാലിന് മില്ലേനിയം പാർക്കിൽ എത്തിക്കുന്ന മരം തുടർന്ന് വൈദ്യുത ദീപങ്ങളും അലങ്കാരങ്ങളും ഉപയോഗിച്ച് ക്രിസ്മസ് ആഘോഷങ്ങൾക്കായി ഒരുക്കും.

ഈ ക്രിസ്മസ് ട്രീക്ക് പിന്നിൽ ഹൃദയസ്പർശിയായ ഒരു കുടുംബചരിത്രവുമുണ്ട്. 2004ൽ കുടുംബാംഗമായ മുത്തച്ഛന്റെ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ലഭിച്ച ചെറിയ തൈയാണ് പിന്നീട് വളർന്ന് വലിയ മരമായി മാറിയത്. കഴിഞ്ഞ 22 വർഷമായി ക്ലാർക്ക് കുടുംബത്തിന്റെ വീട്ടുമുറ്റത്ത് വളർന്ന ഈ മരം ഇപ്പോൾ ചിക്കാഗോ നഗരത്തിന്റെ ക്രിസ്മസ് ആഘോഷങ്ങൾക്ക് സമ്മാനമായി നൽകുകയാണ് കുടുംബം.

ഈ വർഷം ഔദ്യോഗിക ക്രിസ്മസ് ട്രീ തിരഞ്ഞെടുക്കുന്നതിനായി 108 അപേക്ഷകളാണ് നഗര അധികൃതർക്ക് ലഭിച്ചത്. അവയിൽനിന്നാണ് ക്ലാർക്ക് കുടുംബത്തിന്റെ മരം തിരഞ്ഞെടുക്കപ്പെട്ടത്.

നവംബർ 20 വെള്ളിയാഴ്ച വൈകുന്നേരം ആറുമണിക്ക് മില്ലേനിയം പാർക്കിൽ നടക്കുന്ന പ്രത്യേക ചടങ്ങിൽ ക്രിസ്മസ് ട്രീയുടെ ദീപാലങ്കാരം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. സംഗീതപരിപാടികളും മറ്റ് ആഘോഷങ്ങളും വെടിക്കെട്ടും ചടങ്ങിന്റെ ഭാഗമാകും. 2027 ജനുവരി 10 വരെ പൊതുജനങ്ങൾക്ക് അലങ്കരിച്ച ക്രിസ്മസ് ട്രീ കാണാൻ അവസരമുണ്ടാകും.

1913ൽ ആരംഭിച്ച ചിക്കാഗോയുടെ ഔദ്യോഗിക ക്രിസ്മസ് ട്രീ ആഘോഷത്തിന്റെ 113-ാമത് വർഷമാണിത്. 2015 മുതൽ മില്ലേനിയം പാർക്കിലാണ് നഗരത്തിന്റെ ഔദ്യോഗിക ക്രിസ്മസ് ട്രീ സ്ഥാപിക്കുന്നത്.

നഗരവാസികളും വിനോദസഞ്ചാരികളും ഒരുപോലെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ക്രിസ്മസ് ട്രീ ദീപാലങ്കാരത്തോടെ ചിക്കാഗോയിലെ ഈവർഷത്തെ ക്രിസ്മസ് ആഘോഷങ്ങൾക്ക് ഔദ്യോഗിക തുടക്കമാകും.

17th November- **International Students Day**

The Nazi troops established International Students Day on November 17, 1939. On this day, there were 9 student leaders, and the students' bravery during this incident was exceptional.

സാംസ്കാരിക പൈതൃകവും സനാതന ധർമ ദർശനവും ...

8-ാം പേജിൽ നിന്നും

മേയർ വി. വി. രാജേഷ് എന്നിവർ പങ്കെടുത്തു.

കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. സംഘടനാ ഭാരവാഹികളും പ്രമുഖ പ്രവർത്തകരുമായ സിനു നായർ, അശോക് മേനോൻ, മന്മഥൻ നായർ, സഞ്ജീവ് കുമാർ, അപ്പുക്കുട്ടൻ പിള്ള, ഡോ. കലാഷാഹി, രവി നായർ, സനൽ ഗോപി, ജിഷ്ണു നായർ, രാധാകൃഷ്ണൻ നായർ, രമണി പിള്ള എന്നിവരും സംസാരിച്ചു.

കേരളത്തിന്റെ പാരമ്പര്യത്തിലും സനാതന ധർമമൂല്യങ്ങളിലും വേരൂന്നി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന പ്രവാസി ഹിന്ദു സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക ബന്ധങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി കൺവെൻഷൻ മാറി. പ്രവാസികളുടെ അറിവും അനുഭവസമ്പത്തും കേരളത്തിന്റെ വികസനവുമായി ബന്ധിപ്പിക്കുന്നതിനും പുതുതലമുറയ്ക്ക് കേരളീയ പൈതൃകവുമായി കൂടുതൽ അടുക്കുന്നതിനുമുള്ള സാധ്യതകളും സമ്മേളനം മുന്നോട്ടുവച്ചു.

ഫൊക്കാന ന്യൂയോർക്ക്: മെട്രോ റീജിയൻ പ്രവർത്തനം സജ്ജമായി



- ജിജി റ്റോം

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ (ഫൊക്കാന) ന്യൂയോർക്ക് മെട്രോ റീജിയന്റെ 2026-2028 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെയും കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. റീജിയണൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഉഷ ജോർജിന്റെ നേതൃത്വത്തിലുള്ള പുതിയ കമ്മിറ്റി അടുത്ത രണ്ട് വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

പുതിയ ഭാരവാഹികളായി ഡോൺ തോമസ് (റീജിയണൽ സെക്രട്ടറി), തോമസ് സക്കറിയ (സുജിത്) (റീജിയണൽ ട്രഷറർ), ഡോ. അന്ന ജോർജ് (റീജിയണൽ വിമൻസ് ഫോറം ചെയർ), ലൈസി അലക്സ് (റീജിയണൽ ജോയിന്റ് സെക്രട്ടറി), ബാഹുലേയൻ രാഘവൻ (റീജിയണൽ ജോയിന്റ് ട്രഷറർ), ഷാജി എണ്ണച്ചേരിൽ (റീജിയണൽ പി.ആർ. ഒ.), ജോണി സക്കറിയ (റീജിയണൽ ഓഡിറ്റർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. വിനോദ് കെആർകെ, റോജിസ് ഫിലിപ്പ്, ചെറിയാൻ പാലത്ര, ജൂബി വെട്ടം, ജോബി ജോർജ്, ശോശാമ്മ ആൻഡ്രൂസ്, ഡെയ്സി ജോസഫ്, ഗ്രേസ് അലക്സാണ്ടർ, മേരിക്കുട്ടി മൈക്കിൾ, സൂസൻ തോമസ്, റോയ് കുര്യാക്കോസ്, ബെന്നി ഇട്ടീര എന്നിവർ കമ്മിറ്റി അംഗങ്ങളായിരിക്കും.

ഫൊക്കാന നാഷണൽ കമ്മിറ്റി അംഗങ്ങളായ ജിൻസ് ജോസഫ്, മേരി ഫിലിപ്പ്, ചെറിയാൻ പെരുമാൾ, റെജി വർഗീസ് എന്നിവരും ബോർഡ് അംഗങ്ങളായ ബിജു ജോൺ കൊട്ടാരക്കര, തോമസ് തോമസ് പാലത്ര എന്നിവരും റീജിയണൽ കമ്മിറ്റിയുടെ ഭാഗമായിരിക്കും.

ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയും മലയാളി സമൂഹത്തിലെ വിവിധ തലമുറകളെ ഒരുമിപ്പിക്കുകയും ചെയ്യുന്നതിനായിരിക്കും അടുത്ത രണ്ട് വർഷങ്ങളിൽ മുൻഗണന നൽകുകയെന്ന് റീജിയണൽ വൈസ് പ്രസിഡന്റ് ഉഷ ജോർജ് അറിയിച്ചു.

അടുത്ത രണ്ട് വർഷങ്ങളിൽ ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതവും ജനപങ്കാളിത്തമുള്ളതുമാക്കുന്നതിനാണ് പ്രാധാന്യം നൽകുന്നതെന്ന് റീജിയണൽ സെക്രട്ടറി ഡോൺ തോമസ് അറിയിച്ചു.

സംഘടനയുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിനൊപ്പം സമൂഹത്തിന് പ്രയോജനപ്പെടുന്ന പുതിയ പദ്ധതികൾക്ക് പിന്തുണ നൽകുമെന്ന് റീജിയണൽ ട്രഷറർ തോമസ് സക്കറിയ (സുജിത്) അറിയിച്ചു.

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുമെന്നും വനിതകളുടെ നേതൃത്വപാടവവും സാമൂഹിക പങ്കാളിത്തവും വർധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമെന്നും റീജിയണൽ വിമൻസ് ഫോറം ചെയർ ഡോ.അന്ന ജോർജ് അറിയിച്ചു.

ഫൊക്കാനയുടെ ദേശീയ നേതൃത്വവുമായി ചേർന്ന് പ്രവർത്തിക്കുന്നതിനൊപ്പം ന്യൂയോർക്ക് മെട്രോ മേഖലയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക പൈതൃകവും നിലനിർത്തുന്നതിനും പുതിയ തലമുറയെ സംഘടനാ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനും കമ്മിറ്റി മുൻഗണന നൽകും.

ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പിന്റെയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ദേശീയ ടീമിന്റെയും ഒപ്പം അടുത്ത രണ്ട് വർഷം പ്രവർത്തിക്കാൻ അവസരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ഉഷ ജോർജ് പറഞ്ഞു.

ഈ ദൗത്യത്തിൽ എല്ലാ മലയാളി സംഘടനകളുടെയും പ്രവർത്തകരുടെയും അഭ്യുദയകാംക്ഷികളുടെയും പൂർണ പിന്തുണയും സഹകരണവും പ്രാർത്ഥനയും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു.

മീനു എലിസബത്ത് മലയാളി മങ്ക; രാജേന്ദ്രൻ കൃഷ്ണദാസ് കേരള ശ്രീമാൻ



- പ്രസാദ് തീയാടിക്കൽ

ഡാളസ്: കേരള ലിറ്റററി സൊസൈറ്റിയുടെ കേരളപ്പിറവി ആഘോഷങ്ങളുടെ ഭാഗമായി നടന്ന തിരഞ്ഞെടുപ്പിൽ മീനു എലിസബത്ത് മലയാളി മങ്കയായും രാജേന്ദ്രൻ കൃഷ്ണദാസ് കേരള ശ്രീമാൻആയും തിരഞ്ഞെടുക്കപ്പെട്ടു.

നവംബർ 1 ഞായറാഴ്ച ഡാളസ്സിൽ സംഘടിപ്പിച്ച ആഘോഷച്ചടങ്ങിലാണ് വിജയികളെ പ്രഖ്യാപിച്ചത്. മലയാളി മങ്കയായി തിരഞ്ഞെടുക്കപ്പെട്ട മീനു എലിസബത്തിന് ജോസ് ഓച്ചാലിലും കേരള ശ്രീമാനായി തിരഞ്ഞെടുക്കപ്പെട്ട രാജേന്ദ്രൻ കൃഷ്ണദാസിന് ജോസൻ ജോർജും ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

ലിറ്റററി സൊസൈറ്റി പ്രസിഡന്റ് അനശ്വരം മാമ്പിള്ളി അധ്യക്ഷത വഹിച്ച പൊതുയോഗത്തിൽ സണ്ണിവെയിൽ മേയർ സജി ജോർജ് മുഖ്യസന്ദേശം നൽകി. വൈസ് പ്രസിഡന്റ് പി.പി. ചെറിയാൻ സ്വാഗതവും സെക്രട്ടറി ബാജി ഓടംവേലി നന്ദിയും പറഞ്ഞു.

കേരള അസോസിയേഷൻ ഓഫ് ടെക്സാസിന് നവ നേതൃത്വം; രാജു വർഗീസ് പ്രസിഡന്റ്

– പന്തളം ബിജു തോമസ്



ഡാളസ്: കേരള അസോസിയേഷൻ ഓഫ് ടെക്സാസിന്റെ അടുത്ത ഒരു വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ ജനറൽ ബോഡി യോഗം തിരഞ്ഞെടുത്തു. നവംബർ ഒന്നാം തീയതി മുതൽ പുതിയ ഭരണസമിതി ചുമതലയേറ്റു. പ്രസിഡന്റായി രാജു വർഗീസ്, സെക്രട്ടറിയായി സോഹൻ ജോയ്, ട്രഷററായി വിന്നി ഫിലിപ്പ്, വൈസ് പ്രസിഡന്റായി സാജു കരിയാംപുഴ, ജോയിന്റ് സെക്രട്ടറിയായി ഫ്രാൻസിസ് സെബാസ്റ്റ്യൻ, ജോയിന്റ് ട്രഷററായി ജോഷി ജോസ് എന്നിവർ പുതിയ ഭരണസമിതിയിൽ ചുമതലയേറ്റു.

ഫോമയുടെ നൂറാമത്തെ മെമ്പർഷിപ്പ് നേടുകയും, ടെക്സോമ റീജിയനിൽ ഉൾപ്പെട്ടതുമായ കെ.എ.ടി. ഫോമയുടെ പ്രവർത്തനങ്ങളിൽ മുഖ്യപങ്ക് വഹിക്കുമെന്ന് അറിയിച്ചു. അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജവും പുതുമയും പകരുന്നതിനും സംഘടനയുടെ സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകൾ, കൂടുതൽ വിപുലീകരിക്കുന്നതിനും പുതിയ ഭരണസമിതി മുൻഗണന നൽകും. കേരളീയ പാരമ്പര്യവും, സംസ്കാരവും, പുതുതലമുറയിലേക്ക് പകർന്നുനൽകുന്നതിനൊപ്പം, ടെക്സാസിലെ മലയാളി സമൂഹത്തിന്റെ ഐക്യവും, പരസ്പര സഹകരണവും ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കും നേതൃത്വംനൽകും.

പുതിയ ഭാരവാഹികളുടെ നേതൃത്വത്തിൽ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും കൂടുതൽ ആളുകളെ സംഘടനയുടെ ഭാഗമാക്കുന്നതിനുമായി പുതിയ മെമ്പർഷിപ്പ് ക്യാമ്പയിൻ ഉടൻ ആരംഭിക്കുമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി പ്രസിഡന്റ് രാജു വർഗീസ് അറിയിച്ചു. നിലവിലുള്ള അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനൊപ്പം പുതിയ അംഗങ്ങളെ സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും വിവിധ മേഖലകളിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

പുതുജീവൻക്രിസ്തീയ ഭക്തിഗാനം ഹൂസ്റ്റണിൽ റിലീസ് ചെയ്തു

– സജി പുല്ലാട്

ഹൂസ്റ്റൺ: അമ്പലത്തിങ്കൽ മ്യൂസിക് ക്രിയേഷൻസിന്റെ ബാനറിൽ ഒരുക്കിയ പുതുജീവൻഎന്ന ക്രിസ്തീയ ഭക്തിഗാനം മലങ്കര കത്തോലിക്ക സുറിയാനി സഭ മാവേലിക്കര രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത ഡോ.ജോഷ്വാ മാർ ഇഗ്നാത്യോസ് ഹൂസ്റ്റണിൽ നടന്ന ലളിതമായ ചടങ്ങിൽ റിലീസ് ചെയ്തു.

റവ.ഫാ.ബിന്നി ഫിലിപ്പ് ചടങ്ങിൽ ആശംസ അർപ്പിച്ചു. സജി പുല്ലാട് രചനയും സംഗീതവും നിർവഹിച്ച് രാജൻ അങ്ങാടിയിൽ, അമ്മണിക്കുട്ടി രാജൻ എന്നിവർ ചേർന്നാണ് ഗാനത്തിന്റെ നിർമ്മാണം. സജി പുല്ലാടിനൊപ്പം മകൾ ഡോ.ലിൻസ ആൻ സജിയും ഗാനം ആലപിച്ചിരിക്കുന്നു.

വ്യക്തിജീവിതത്തിൽ ഉണ്ടായ അനുഭവസാക്ഷ്യത്തിൽ നിന്നുമാണ് പുതുജീവൻ എന്ന ഗാനം രൂപംകൊണ്ടത്.

കണ്ണുനീരിൽ മുങ്ങിത്താഴുന്ന ജീവിത സാഹചര്യങ്ങളിൽ കർത്താവിന്റെ കരുണയും കൃപയും ആശ്വാസമായി മാറുന്നതും, തളർന്നുപോകുന്ന നിമിഷങ്ങളിൽ ദൈവം കൈപിടിച്ചുയർത്തുന്നതും ഗാനത്തിന്റെ വരികളിലൂടെ ഹൃദയസ്പർശിയായി ആവിഷ്കരിക്കുന്നു.

കർത്താവിന്റെ സാന്നിധ്യം ആത്മാവിനെ നിറയ്ക്കുന്ന അനുഭവവും ദൈവിക വിടുതലിലൂടെ ലഭിക്കുന്ന പുതുജീവന്റെ പ്രത്യാശയുമാണ് ഈ ഗാനത്തിന്റെ മുഖ്യപ്രമേയം.

പശ്ചാത്തല സംഗീതം, വീഡിയോ എഡിറ്റിംഗ്, മിക്സിങ് ജോയൽ ജോകുട്ടൻ മിക്സ് വേവ്സ് ഡിജിറ്റൽ സ്റ്റുഡിയോ കുമ്പനാട്. ഓഡിയോ ജിറ്റിവി ഗ്ലോബൽ, വീഡിയോ രാജ് ഡിജിറ്റൽ മീഡിയയും നിർവഹിച്ചിരിക്കുന്നു.

അമേരിക്കയിലും കേരളത്തിലുമായാണ് ഗാനത്തിന്റെ ചിത്രീകരണം പൂർത്തിയാക്കിയത്.

19th November- **World Philosophy Day**

National Philosophy Day, celebrated on 19th November, is a global recognition of the profound impact philosophy has on society, culture, and human thought. Established by UNESCO, this day highlights the importance of critical thinking, dialogue, and reflection in addressing contemporary challenges.

ഡാളസ് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ ലോക സൺഡേ സ്കൂൾ ദിനാചരണം സംഘടിപ്പിച്ചു



– പി.പി ചെറിയാൻ

ഡാളസ്: മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിൽ ലോകമെമ്പാടുമുള്ള ഇടവകകളിൽ ആചരിക്കുന്ന ലോക സൺഡേ സ്കൂൾ ദിനത്തിന്റെ ഭാഗമായി ഡാളസ് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

നവംബർ 1 ഞായറാഴ്ച രാവിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികൾ അണിനിരന്ന വർണാഭമായ റാലിയോടെയാണ് പരിപാടികൾക്ക് തുടക്കമായത്. ദേവാലയ പരിസരത്തു നിന്ന് ആരംഭിച്ച റാലിയിൽ ഇടവക വികാരി റവ. രേജിൻ രാജുവിന്റെ നേതൃത്വത്തിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു. വിശ്വാസവും ഐക്യവും പ്രകടമാക്കിയ റാലിക്കു ശേഷം വിദ്യാർത്ഥികൾ ദേവാലയത്തിലേക്ക് പ്രവേശിച്ചു.

തുടർന്ന് നടന്ന വിശുദ്ധ കുർബാന ശുശ്രൂഷയിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. വിശുദ്ധ കുർബാനയോടനുബന്ധിച്ചുള്ള ഗാനശുശ്രൂഷയ്ക്കും വചന ശുശ്രൂഷക്കും വിദ്യാർത്ഥികൾ നേതൃത്വം നൽകി.

കുട്ടികളിൽ ക്രിസ്തീയ വിശ്വാസവും മൂല്യങ്ങളും വളർത്തുന്നതിനും ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതത്തിന് അവരെ പ്രാപ്തരാക്കുന്നതിനും സൺഡേ സ്കൂൾ നൽകുന്ന സംഭാവനകൾ ഓർമിപ്പിക്കുന്നതായിരുന്നു ദിനാചരണം.

നമ്മുടെ റേഡിയോ ആപ്പ് ആഗോളതലത്തിൽ പുറത്തിറക്കി; വർണ്ണാഭമായ ചടങ്ങിൽ താരനിരയും വിശിഷ്ടാതിഥികളും പങ്കെടുത്തു



– പി.പി ചെറിയാൻ

ഡാളസ്: അമേരിക്കയിലെയും ഇന്ത്യയിലെയും ശ്രോതാക്കളെ കോർത്തിണക്കിക്കൊണ്ട് ആഗോളതലത്തിൽ സംപ്രേക്ഷണം ചെയ്ത വർണ്ണാഭമായ ചടങ്ങിൽ ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന 'നമ്മുടെ റേഡിയോ' ഡിജിറ്റൽ പ്ലാറ്റ്ഫോം ഔദ്യോഗികമായി പ്രവർത്തനം കേരളപ്പിറവി ദിനത്തിൽ ആരംഭിച്ചു. ഫൗണ്ടറും സി.ഇ.ഒ.യുമായ ജോസി ജോർജ്, കോഫൗണ്ടറും സി.ഒ.ഒ.യുമായ ഫ്രാൻസിസ് പൈനാപ്പള്ളി എന്നിവരുടെ നേതൃത്വത്തിലാണ് കമ്മ്യൂണിറ്റി കേന്ദ്രീകൃതമായ ഈ പുതിയ ഡിജിറ്റൽ മാധ്യമ സംരംഭം യാഥാർത്ഥ്യമായത്. നിഷ, ജീജി പി. സ്കറിയ എന്നിവർ ഡാളസ് സെന്റ് തോമസ് കത്തോലിക്ക പള്ളി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിന്റെ അവതാരകരായിരുന്നു.

എം.സിമാരുടെ സ്വാഗതത്തോടെയും കൗണ്ട് ഡൗണോടെയും ആരംഭിച്ച ചടങ്ങിൽ ഫാ.സിബി സെബാസ്റ്റ്യൻ പ്രാർത്ഥനാഗാനം ആലപിച്ചു. തുടർന്ന് കമ്മ്യൂണിറ്റി അംഗങ്ങളെ മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്ത് റേഡിയോ കേൾക്കാൻ ക്ഷണിച്ചുകൊണ്ട് ആപ്പ് സൈൻഅപ്പ് ക്യാമ്പയിൻ നടന്നു. ഉദ്ഘാടന പ്രഖ്യാപനത്തിന് പിന്നാലെ, ഫൗണ്ടർ ജോസി ജോർജ് സ്റ്റേഷന്റെ ഭാവി കാഴ്ചപ്പാടുകൾ പങ്കുവെക്കുകയും അവതരണ വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു. തുടർന്ന് സംസാരിച്ച കോഫൗണ്ടർ ഫ്രാൻസിസ് പൈനാപ്പള്ളി റേഡിയോയുടെ പ്രവർത്തന രീതികളെക്കുറിച്ചും കമ്മ്യൂണിറ്റി ലക്ഷ്യങ്ങളെക്കുറിച്ചും വ്യക്തമാക്കി.

പ്രാരംഭ ചടങ്ങുകൾക്ക് ശേഷം തൃശൂർ സ്റ്റേഷനിൽ നിന്നുള്ള ലൈവ് സംപ്രേക്ഷണം ആരംഭിച്ചു. പ്രശസ്ത സംഗീത സംവിധായകൻ മോഹൻ സിത്താര നെറ്റ്വർക്കിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. തൊട്ടുപിന്നാലെ സ്റ്റേഷന്റെ ഔദ്യോഗിക ജിംഗിളിന്റെ ലൈവ് പ്രകാശനവും നടന്നു. പ്രമുഖ ചലച്ചിത്ര താരങ്ങളുടെയും ആഗോള സാമൂഹിക നേതാക്കളുടെയും ആശംസകൾ ചടങ്ങിന് മാറ്റുകൂട്ടി.

ബ്രോഡ്കാസ്റ്റ് ഡയറക്ടർ മീനാ ചിറ്റിലപ്പിള്ളിയുടെ നേതൃത്വത്തിൽ നടന്ന 'മീറ്റ് ദ ടീം' വിഭാഗം ചടങ്ങിന്റെ പ്രധാന ആകർഷണമായിരുന്നു. ഇന്ത്യയിലും അമേരിക്കയിലുമായി പ്രവർത്തിക്കുന്ന അണിയറപ്രവർത്തകരുടെ കൂട്ടായ പരിശ്രമത്തെക്കുറിച്ച് അവർ സംസാരിച്ചു. ടീം അംഗങ്ങളെ പരിചയപ്പെടുത്തുന്ന ഹ്രസ്വ വീഡിയോയ്ക്ക് ശേഷം പ്രവർത്തകരെ വേദിയിലേക്ക് ക്ഷണിക്കുകയും ചെയ്തു.

യുവതലമുറയ്ക്ക് വലിയ പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി 'യൂത്ത് റേഡിയോ വീഡിയോ' പ്രകാശനം ചെയ്യുകയും ജൂവലിൻ പ്രൊജക്റ്റിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ജോസഫ് ചിറയിൽ, കുടുംബാംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ നടന്ന യൂത്ത് സെഗ്മെന്റിൽ അരിസോണയിലെ ഫീനിക്സിൽ നിന്നുള്ള പ്രത്യേക സംഗീത പരിപാടിയും അരങ്ങേറി.

പ്രദേശിക കൂട്ടായ്മ വളർത്തുന്നതിൽ പങ്കുവഹിച്ച പ്രമുഖ വ്യക്തികളെ ആദരിക്കുന്ന പ്രത്യേക ചടങ്ങും വേദിയിൽ നടന്നു. കമ്മ്യൂണിറ്റി നേതാക്കളെ വേദിയിലേക്ക് ക്ഷണിക്കുകയും റേഡിയോയുടെ വളർച്ചയിലെ പങ്കാളികളായി അവരെ ആദരിക്കുകയും ചെയ്തു. കൂടാതെ, 'നമ്മുടെ ഇവന്റ്സ്', 'നമ്മുടെ ലോക്കൽ' എന്നീ സംരംഭങ്ങൾ വ്യക്തമാക്കുന്ന വീഡിയോകളും പ്രദർശിപ്പിച്ചു.

ചിക്കാഗോയിൽ ഹാലോവിൻ ആഘോഷങ്ങൾക്കിടെ മൂന്നുപേർ കൊല്ലപ്പെട്ടു;

- അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: വർണാഭമായ വേഷവിധാനങ്ങളും പരേഡുകളും വിവിധ ആഘോഷപരിപാടികളുമായി ചിക്കാഗോയിലും ഇല്ലിനോയി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും ഇത്തവണത്തെ ഹാലോവിൻ ആഘോഷിച്ചപ്പോൾ, വെടിവയ്പ്പുകളും അക്രമസംഭവങ്ങളും സുരക്ഷ സംബന്ധിച്ച ആശങ്കകൾ ഉയർത്തി.

ചിക്കാഗോ പോലീസിൽനിന്നുള്ള പ്രാഥമിക വിവരങ്ങൾ പ്രകാരം, ഒക്ടോബർ 30 വെള്ളിയാഴ്ച മുതൽ നവംബർ 1 ഞായറാഴ്ച വരെയുള്ള ഹാലോവിൻ വാരാന്ത്യത്തിൽ നഗരത്തിൽ കുറഞ്ഞത് 13 പേർക്ക് വെടിയേറ്റു. ഇവരിൽ മൂന്നുപേർ കൊല്ലപ്പെടുകയും പത്തുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

നഗരത്തിലെ മേഫെയർ, നോർത്ത് ലോൺഡെയിൽ, സൗത്ത് സൈഡ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലാണ് മരണങ്ങൾ റിപ്പോർട്ട് ചെയ്തത്. വെടിവയ്പ്പുകളിൽ കൗമാരക്കാരും ഉൾപ്പെട്ടിട്ടുണ്ട്. പല സംഭവങ്ങളിലും പോലീസ് അന്വേഷണം തുടരുകയാണ്.

ചിക്കാഗോയ്ക്ക് പുറത്തും ഹാലോവിൻ ആഘോഷങ്ങൾക്കിടെ അക്രമസംഭവങ്ങളുണ്ടായി. ഇല്ലിനോയിയിലെ ബ്ലൂമിങ്ടണിൽ നടന്ന വെടിവയ്പ്പിൽ 19 വയസ്സുകാരി കൊല്ലപ്പെടുകയും ഏഴുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഓക്ക് പാർക്കിലുണ്ടായ മറ്റൊരു വെടിവയ്പ്പിൽ ഒരു സ്ത്രീയും കൊല്ലപ്പെട്ടു.

2025ലെ ഹാലോവിൻ വാരാന്ത്യത്തിൽ ചിക്കാഗോയിൽ ഏകദേശം 24 പേർക്ക് വെടിയേൽക്കുകയും മൂന്നുപേർ കൊല്ലപ്പെടുകയും ചെയ്തതായി മുൻവർഷത്തെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ 2026ൽ ഇതുവരെ റിപ്പോർട്ട് ചെയ്ത വെടിയേറ്റവരുടെ എണ്ണം കുറവാണ്. പ്രാഥമിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സുരക്ഷ മെച്ചപ്പെട്ടതിന്റെ സൂചനകളാണ് ലഭിക്കുന്നത്. എന്നാൽ ഇത്തവണത്തെ വാരാന്ത്യത്തിന്റെ അന്തിമ കണക്കുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ വിലയിരുത്തൽ പ്രാഥമികമാണ്.

വൻ ജനപങ്കാളിത്തത്തോടെയാണ് ഇത്തവണയും ചിക്കാഗോയിൽ ഹാലോവിൻ ആഘോഷങ്ങൾ നടന്നത്. ആർട്സ് ഇൻ ദ ഡാർക്ക് പരേഡ് ഉൾപ്പെടെയുള്ള ആഘോഷപരിപാടികൾ ശ്രദ്ധേയമായി. എന്നാൽ നഗരത്തിലും സമീപ പ്രദേശങ്ങളിലും റിപ്പോർട്ട് ചെയ്ത വെടിവയ്പ്പുകൾ പൊതു സുരക്ഷ സംബന്ധിച്ച വെല്ലുവിളികൾ തുടരുന്നതിന്റെ ഓർമപ്പെടുത്തലായി.

മുൻവർഷത്തെ അപേക്ഷിച്ച് വെടിവയ്പ്പേറ്റവരുടെ എണ്ണത്തിൽ കുറവുണ്ടെന്ന പ്രാഥമിക സൂചനകൾ ആശ്വാസകരമാണെങ്കിലും, ഹാലോവിൻ വാരാന്ത്യത്തിലെ മൂന്ന് മരണങ്ങൾ ചിക്കാഗോയിൽ അക്രമങ്ങൾ തടയുന്നതിനും പൊതു സുരക്ഷ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പ്രാധാന്യം വീണ്ടും വ്യക്തമാക്കുന്നു.

ഫൊക്കാന സ്പോർട്സ് കമ്മിറ്റി രൂപീകരിച്ചു;

3-ാം പേജിൽ നിന്നും

ലക്ഷ്യമെന്നും ലിൻഡോ ജോളി കൂട്ടിച്ചേർത്തു.

കായികം ഒരു മത്സരം മാത്രമല്ല, തലമുറകളെ ഒന്നിപ്പിക്കുന്ന ശക്തമായ ഒരു ബന്ധം കൂടിയാണ്.ഇ ൗ ആശയത്തെ മുൻനിർത്തി, കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ള എല്ലാ പ്രായവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന കായികപ്രവർത്തനങ്ങളിലൂടെ ഫൊക്കാനയുടെ കായികവിഭാഗത്തെ കൂടുതൽ സജീവമാക്കാനും, കായികരംഗത്തിലൂടെ യുവതലമുറയെ സംഘടനയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുമാണ് പുതിയ നേതൃത്വത്തിന്റെ ലക്ഷ്യമെന്ന് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തിന്റെ കായികസ്വപ്നങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതിനൊപ്പം, യുവതലമുറയുടെ കഴിവുകളും നേതൃത്വവും വളർത്തിയെടുത്ത് അവരെ ഫൊക്കാനയുടെ ഭാവി നേതൃത്വത്തിലേക്ക് കൈപിടിച്ചുയർത്തുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് സ്പോർട്സ് കമ്മിറ്റി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്.

സ്പോർട്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ ഭാവുകങ്ങൾ നേർന്നു.

നമ്മുടെ റേഡിയോ ആപ്പ് ആഗോളതലത്തിൽ ..

ജോബി പാലായുടെ മിമിക്രി, മെന്റലിസ്റ്റ് നിവിൻ വിൽ ഫ്രഡിന്റെ മാജിക്/ഇല്യൂഷൻ ഷോ എന്നിവയും കാണികൾക്കായി സംഘടിപ്പിച്ച 'പ്ലേ ആൻഡ് വിൻ' മത്സരങ്ങളും ചടങ്ങിന് വിനോദമേകി.

അന്തരിച്ച പ്രശസ്ത സാംസ്കാരിക നായകൻ സൂര്യ കൃഷ്ണമൂർത്തിക്ക് ആദരമർപ്പിച്ചുകൊണ്ട് പ്രത്യേക അനുസ്മരണ വീഡിയോ പ്രദർശിപ്പിച്ചു. തുടർന്ന് 'പാടുന്ന പാതിരി' എന്നറിയപ്പെടുന്ന പ്രശസ്ത സംഗീതജ്ഞൻ ഫാദർ പോൾ പൂവത്തിങ്കലിന്റെ നേതൃത്വത്തിൽ സംഗീതവിരുന്നും നടന്നു. അനുസ്മരണത്തിനും സംഗീത പരിപാടിക്കും ശേഷം പങ്കെടുത്തവർക്കായി വിഭവസമൃദ്ധമായ അത്താഴവും ഒരുക്കിയിരുന്നു. കോഫൗണ്ടർ ഫ്രാൻസിസ് പൈനാപ്പള്ളി നന്ദി പറഞ്ഞു.

മാലാഖക്കുഞ്ഞുങ്ങളുടെ വിസ്മയകൂട്ടായ്മ ഒരുക്കി ഡാളസ് ക്രിസ്തുരാജ ക്നാനായ ഇടവക



ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയിലെ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി ഡേയും എയ്ഞ്ചൽസ് പരേഡും എയ്ഞ്ചൽസ് നേർച്ചവിരുന്നും നടത്തപ്പെട്ടു. മാതാപിതാക്കൾ കൂട്ടികളെ മാലാഖമാരുടെ വേഷത്തോടെ എത്തിച്ച് പരേഡിൽ പങ്കെടുപ്പിച്ചു.

മാതാപിതാക്കൾ കുഞ്ഞുങ്ങൾ ആകുന്ന മാലാഖമാർക്ക് ചിറകായി കൂടെ ഉണ്ടാവണം എന്ന് വികാരി ഫാ.ബിൻസ് ചേത്തലിൽ അനുസ്മരിപ്പിച്ചു. കുട്ടികളുടെ എക്സിക്യൂട്ടീവ് അംഗങ്ങൾ ആയ മെലിയ കുടകശ്ശേരിൽ, എയ്ലി തെക്കനാട്ട്, സ്റ്റീവൻ വടക്കുന്നേൽ, മെരീസാ കളത്തിൽ എന്നിവർ കോർഡിനേറ്റർമാരോടൊപ്പം നേതൃത്വം നൽകി. എല്ലാവർക്കും പ്രത്യേകമായി സ്നേഹവിരുന്നും ക്രമീകരിച്ചു.

കെ.സി.എസ്. ചിക്കാഗോയുടെകാരുണ്യ സ്പർശം പദ്ധതിക്ക് കേരളത്തിൽ തുടക്കമായി



- ഷാജി കുര്യൻ

ചിക്കാഗോ: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് സഹായം ലഭ്യമാക്കുന്നതിനും വൃക്കരോഗങ്ങൾ നേരത്തേ കണ്ടെത്തി പ്രതിരോധിക്കുന്നതിനുമായി കെ.സി.എസ്. ചിക്കാഗോയുടെ നേതൃത്വത്തിൽകാരുണ്യ സ്പർശംഎന്ന ജീവകാരുണ്യ പദ്ധതിക്ക് തുടക്കമായി.

ഡെസ് പ്ലെയിൻസിലെ കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ നടന്ന ചടങ്ങിൽ കെ.സി.എസ്. പ്രസിഡന്റ് ജോസ് ആനമല പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. പ്രോജക്ട് ചെയർമാൻ ഷിബു പീറ്റർ വെട്ടുകല്ലേലും വൈസ് ചെയർമാൻ ജോസ് ജോർജ് മേലാണ്ടശ്ശേരിലും പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനരീതികളും വിശദീകരിച്ചു.

നിർധനരായ രോഗികൾക്ക് സൗജന്യ ഡയാലിസിസ് സഹായം കേരളത്തിലെ പാലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന പീറ്റർ ഫൗണ്ടേഷനുമായി സഹകരിച്ചാണ് കാരുണ്യ സ്പർശം പദ്ധതി നടപ്പിലാക്കുന്നത്.

സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ജീവൻ നിലനിർത്താൻ അനിവാര്യമായ ഡയാലിസിസ് ചികിത്സ തുടരാൻ കഴിയാതെ വിഷമിക്കുന്ന അർഹരായ വൃക്കരോഗികൾക്ക് സൗജന്യ ചികിത്സാസഹായം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഡയാലിസിസ് സഹായത്തിനു പുറമേ, വൃക്കരോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാരുണ്യ സ്പർശം പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നു.

ഇതിനായി ആധുനിക പരിശോധനാ സൗകര്യങ്ങളോടുകൂടിയ മൊബൈൽ ലബോറട്ടറി സജ്ജീകരിച്ചിട്ടുണ്ട്. മുൻകൂട്ടി നിശ്ചയിക്കുന്ന സമയക്രമത്തിന്റെയും അറിയിപ്പുകളുടെയും അടിസ്ഥാനത്തിൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ മൊബൈൽ ലബോറട്ടറി എത്തി രക്തപരിശോധനകളും മൂത്രപരിശോധനകളും നടത്തും. യോഗ്യതയുള്ള ഡോക്ടർമാരുടെ മേൽനോട്ടത്തിൽ നഴ്സുമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും സഹകരണത്തോടെയായിരിക്കും പരിശോധനകൾ നടത്തുക. മൊബൈൽ ലബോറട്ടറിക്കുപുറമേ സ്ഥിരം ലബോറട്ടറി സൗകര്യങ്ങളും പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. വൃക്കരോഗങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി ആവശ്യമായ വൈദ്യോപദേശവും തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കുന്നതിലൂടെ രോഗത്തിന്റെ തീവ്രത കുറയ്ക്കാനും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാനും രോഗികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനവേളയിൽ സംസാരിച്ച പ്രോജക്ട് ചെയർമാൻ ഷിബു പീറ്റർ വെട്ടുകല്ലേൽ, കേരളത്തിലെ രോഗികൾക്ക് സൗജന്യ ഡയാലിസിസ് സഹായം ലഭ്യമാക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽനിന്ന് ഇതിനകം ആറോളം അന്വേഷണങ്ങൾ ലഭിച്ചതായി അറിയിച്ചു. വരും ദിവസങ്ങളിൽ കൂടുതൽ സഹായാഭ്യർത്ഥനകൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കൂടുതൽ അർഹരായ രോഗികളിലേക്ക് പദ്ധതിയുടെ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിന് സ്പോൺസർമാരുടെയും സുമനസ്സുകളുടെയും സാമ്പത്തിക സഹകരണം

▶ 12

ഹീബ്രായ ബൈബിൾ പഠനപദ്ധതി പരിചയപ്പെടുത്താൻ ഡോ.ബാബു ജോൺ വെട്ടമല

- അനിഷ് തോമസ്



ന്യൂയോർക്ക്: ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രശസ്ത ബൈബിൾ അധ്യാപകനും ഹീബ്രായ പണ്ഡിതനുമായ ഡോ. ബാബു ജോൺ വെട്ടമല, 2026 നവംബർ മാസത്തിൽ നാലാഴ്ചത്തെ സന്ദർശനത്തിനായി അമേരിക്കയിലെത്തും.

ബൈബിളിനെ അതിന്റെ ഹീബ്രായ ഭാഷയുടെയും ചരിത്രത്തിന്റെയും സാംസ്കാരിക പശ്ചാത്തലത്തിന്റെയും വെളിച്ചത്തിൽ ബൈബിൾ വിദ്യാർഥികൾക്ക് കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ക്രിസ്ത്യൻ എലൈറ്റിന്റെ സംരംഭമായ എ ഹിബ്രൂ ജേർണി ത്രൂ ദ സ്ക്രിപ്റ്റ്എന്ന പഠനപദ്ധതി പരിചയപ്പെടുത്തുന്നതിനാണ് അദ്ദേഹം അമേരിക്ക സന്ദർശിക്കുന്നത്.

ശുശ്രൂഷകരും അധ്യാപകരും സാധാരണ വായനക്കാരും ഉൾപ്പെടെയുള്ളവർക്ക് തിരുവെഴുത്തുകളുടെ ലോകം കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

ബൈബിളിലെ പദങ്ങളും വാക്യഭാഗങ്ങളും അവയുടെ പശ്ചാത്തലത്തിലുള്ള മതജീവിതം, സാമൂഹിക ആചാരങ്ങൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, രാഷ്ട്രീയ സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി ഈ പഠനപദ്ധതി വിശകലനം ചെയ്യുന്നു. ബൈബിൾ എഴുത്തുകാർ അവരുടെ കാലഘട്ടത്തിലെ സാഹചര്യങ്ങളിൽ എന്താണ് യഥാർത്ഥത്തിൽ ആശയവിനിമയം നടത്താൻ ഉദ്ദേശിച്ചതെന്ന് വായനക്കാർക്ക് മനസ്സിലാക്കാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഭാഷകളിലും നൂറ്റാണ്ടുകളിലുമുള്ള മാറ്റങ്ങൾ കാരണം ഇന്ന് വ്യക്തത കുറഞ്ഞുപോയേക്കാവുന്ന തിരുവെഴുത്തുകളിലെ അർത്ഥതലങ്ങൾ തിരിച്ചറിയാനും ഈ പഠനം ബൈബിൾ വായനക്കാരെ പ്രാപ്തരാക്കുന്നു.

വാൾ സ്ട്രീറ്റ് ജേണലിനെതിരെ ഫയൽ ചെയ്ത 10 ബില്യൺ ഡോളറിന്റെ മാനനഷ്ടക്കേസ് കോടതി തള്ളി

- പി.പി ചെറിയാൻ

ഫ്ലോറിഡ: യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വാൾ സ്ട്രീറ്റ് ജേണലിനെതിരെ ഫയൽ ചെയ്ത 10 ബില്യൺ ഡോളറിന്റെ (10,000 കോടി ഡോളർ) മാനനഷ്ടക്കേസ് ഫ്ലോറിഡയിലെ ഫെഡറൽ കോടതി തള്ളി. അന്തരിച്ച പ്രമുഖ ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീന് ട്രംപ് 50-ാം ജന്മദിനത്തിൽ അയച്ചുവെന്ന് ആരോപിക്കപ്പെടുന്ന കാർഡിനെക്കുറിച്ച് പത്രം നൽകിയ വാർത്തയ്ക്കെതിരെയായിരുന്നു കേസ്.

പത്രം 'ദുരുദ്ദേശ്യത്തോടെയാണ് വാർത്ത' നൽകിയതെന്ന് തെളിയിക്കാൻ ട്രംപിന് കഴിഞ്ഞില്ലെന്ന് യു. എസ് ജില്ലാ ജഡ്ജ് ഡാരിൻ ഗെയ്ൽസ് നിരീക്ഷിച്ചു. ട്രംപിന്റെ ഹർജി മുൻപും തള്ളിയിട്ടുള്ളതിനാൽ ഇത്തവണ തിരുത്തി നൽകിയ ഹർജി പുനഃപരിശോധനയ്ക്ക് സാധ്യതയില്ലാതെ പൂർണ്ണമായി തള്ളുകയായിരുന്നു.

2003ൽ എപ്സ്റ്റീന്റെ ജന്മദിനത്തിൽ ട്രംപ് നൽകിയതായി ആരോപിക്കപ്പെടുന്ന കാർഡിൽ നഗ്നയായ സ്ത്രീയുടെ ചിത്രവും ട്രംപിന്റെ ഒപ്പും ഉണ്ടായിരുന്നുവെന്നാണ് പത്രം റിപ്പോർട്ട് ചെയ്തത്. എന്നാൽ ഈ ആരോപണം പൂർണ്ണമായും വ്യാജമാണെന്നും കാർഡ് നിർമ്മിതിയാണെന്നുമാണ് ട്രംപിന്റെയും വൈറ്റ് ഹൗസിന്റെയും വാദം.

കെ.സി.എസിന്റെ കാരുണ്യ സ്പർശം

11-ാം പേജിൽ നിന്നും

അനിവാര്യമാണെന്നും വൈസ് ചെയർമാൻ ജോസ് ജോർജ് മേലാണ്ടശ്ശേരി വ്യക്തമാക്കി. ജോയൽ എലക്കാട്ട് കെ.സി.എസ്. ചിക്കാഗോയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു.

കെ.സി.എസ്.വൈസ് പ്രസിഡന്റ് മാറ്റ് വിലങ്ങാട്ടുശ്ശേരിലും ട്രഷറർ ടീന നെടുവാമ്പുഴയും കാരുണ്യ സ്പർശം പദ്ധതിക്ക് നേതൃത്വം നൽകുന്ന ഷിബു പീറ്റർ വെട്ടുകല്ലേലിനെയും ജോസ് ജോർജ് മേലാണ്ടശ്ശേരിയെയും അഭിനന്ദിക്കുകയും പദ്ധതിയുടെ വിജയത്തിന് ആശംസകൾ നേരുകയും ചെയ്തു.

സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വൃക്കരോഗികൾക്ക് ആശ്വാസവും പ്രതീക്ഷയും പകരുന്ന ഈ മഹത്തായ ജീവകാരുണ്യ സംരംഭത്തിൽ പങ്കാളികളാകാൻ എല്ലാ കെ.സി.എസ്. അംഗങ്ങളോടും അഭ്യുദയകാംക്ഷികളോടും സ്പോൺസർമാരോടും കെ.സി.എസ്. ചിക്കാഗോ അഭ്യർത്ഥിക്കുന്നു.

കേരളത്തിൽ ഡയാലിസിസ് ചികിത്സയ്ക്കുള്ള ചെലവ് വഹിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന നിർധനരായ വൃക്കരോഗികളെക്കുറിച്ച് അറിവുള്ളവർ ദയവായി ബന്ധപ്പെട്ട കെ.സി.എസ്. ഭാരവാഹികളെ വിവരം അറിയിക്കുക. അർഹരായ രോഗികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ 10-ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു



- പി.പി ചെറിയാൻ

ഡാളസ് /കൊച്ചി: കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ 10-ാം വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രി വി.ഡി. സതീശൻ ചടങ്ങിന്റെ ഉദ്ഘാടനവും സുവനീർ പ്രകാശനവും നിർവ്വഹിച്ചു.

ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫിഷറീസ് വകുപ്പ് മന്ത്രി വി.ഇ.അബ്ദുൾ ഗഫൂർ മുഖ്യാതിഥിയായി പങ്കെടുത്തു. മത്സ്യത്തൊഴിലാളികൾക്കായുള്ള വായയിലെ കാൻസർ പരിശോധന പരിപാടിയുടെ പ്രഖ്യാപനം ഫിഷറീസ് മന്ത്രി നിർവ്വഹിച്ചു.

2016 നവംബർ 1ന് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ. കഴിഞ്ഞ 10 വർഷത്തെ സേവന പ്രവർത്തനങ്ങളെ അനുസ്മരിക്കുന്നതിനും കാൻസർ ചികിത്സാഗവേഷണ മേഖലയിൽ ഭാവിയിലേക്ക് ആവശ്യമായ പുതിയ ദിശാബോധം നൽകുന്നതിനുമായാണ് ഈ വാർഷികാഘോഷം സംഘടിപ്പിച്ചത്.

ഡോ.പി.ജി. ബാലഗോപാൽ (ഡയറക്ടർ) സ്വാഗതം പറഞ്ഞു. ഡോ.എം.വി.പിള്ള (അഡൈസറി ബോർഡ് ചെയർമാൻ) മുഖ്യപ്രഭാഷണം നടത്തി. ഡോ.നീതു ജോർജ് (മെഡിക്കൽ സൂപ്രണ്ട് ഇൻ ചാർജ്) റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. തമീം എ കൃതജ്ഞത അറിയിച്ചു.

ഹൈബി ഈഡൻ എം.പി, ഹാരിസ് ബീരാൻ എം.പി, എം.എൽ.എമാരായ ടോണി ചമ്മിണി, ടി.ജെ. വിനോദ്, മുഹമ്മദ് ഷിയാസ് തുടങ്ങിയവരും ചടങ്ങിൽ വിശിഷ്ട സാന്നിധ്യമായിരുന്നു. എറണാകുളം ജില്ലാ കളക്ടർ ജി.പ്രിയങ്ക ഐ.എ.എസ്, കളമശ്ശേരി നഗരസഭ ചെയർമാൻ ജമാൽ മണക്കാടൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അഞ്ചു മനോജ് മണി, വാർഡ് കൗൺസിലർ ബാബുരാജ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

കാൻസർ രോഗികൾക്ക് സമഗ്രവും ആധുനികവുമായ ചികിത്സയും മികച്ച പരിചരണവും ഉറപ്പാക്കുന്നതിനൊപ്പം ഗവേഷണ സൗകര്യങ്ങൾ കൂടുതൽ വികസിപ്പിക്കാനും ലക്ഷ്യമിട്ടാണ് സിസിആർസി പ്രവർത്തിക്കുന്നത്.

ഡാലസിൽ കേരള ലിറ്റററി സൊസൈറ്റിയുടെ കേരളപ്പിറവി ആഘോഷം വർണ്ണാഭമായി



- പി. പി ചെറിയാൻ

ഡാലസ്: കേരള ലിറ്റററി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2026 നവംബർ 1 ഞായറാഴ്ച വൈകിട്ട് 3.30 മുതൽ കേരളപ്പിറവി ആഘോഷം വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു.

വൈകിട്ട് 3.30ന് ചായയും പരിപ്പുവടയും വിതരണം ചെയ്തു സൗഹൃദം പുതുക്കിക്കൊണ്ട് പരിപാടികൾക്ക് തുടക്കമായി. തുടർന്ന് 4.00 മണിക്ക് കേരളപ്പിറവി പൊതുയോഗം ആരംഭിച്ചു.

കേരള ലിറ്റററി സൊസൈറ്റി വൈസ് പ്രസിഡന്റ് പി.പി. ചെറിയാൻ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് അനശ്വരം മാമ്പിള്ളി അധ്യക്ഷത വഹിച്ചു. സണ്ണി വെയിൽ മേയർ സജി ജോർജ് മുഖ്യ സന്ദേശം നൽകി. ലാന പ്രസിഡന്റ് സാമുവൽ യോഹന്നാൻ, കെ. എ.ഡി പ്രസിഡന്റ് ഷിജു എബ്രഹാം, ജോസ് ഓച്ചാലിൽ, ജോസൻ ജോർജ്, സി.വി. ജോർജ്, സിജു വി. ജോർജ്, സാറ ചെറിയാൻ, റോസമ്മ ജോർജ് എന്നിവർ ആശംസ സന്ദേശങ്ങൾ അർപ്പിച്ചു.

ആഘോഷപരിപാടികളുടെ ഭാഗമായി വിവിധ കലാപരിപാടികൾ അരങ്ങേറി. ഉഷാ നായർ, പി. സി. മാത്യു എന്നിവർ കവിതകൾ അവതരിപ്പിച്ചു.

ടോം ജോർജ്, ടിന്റു ഡോർ, ജെയ്സൺ ആന്റീം, ഷാജു ജോൺ, ഫ്രാൻസിസ് തോട്ടത്തിൽ, ഷെല്ലി തോമസ്, അൽസ്റ്റാർ മാമ്പിള്ളി, ഹരിദാസ് തങ്കപ്പൻ എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. കേരളത്തെ അറിയാം എന്ന വിഷയത്തിൽ ദിവ്യ മേനോൻ ക്വിസ് മത്സരം നയിച്ചു. ഡാ ലസ് മെലഡീസിൽ മീനു, ദീപ, നിഷ, ഉഷ, ജെയ്സൺ, ഹരിദാസ്, സ്റ്റാൻലി തുടങ്ങിയവർ സംഘഗാനം ആലപിച്ചു.

തുടർന്ന് മലയാളി മങ്ക ആന്റ് കേരള ശ്രീമാൻ ഫലപ്രഖ്യാപനവും നടന്നു. സൊസൈറ്റി സെക്രട്ടറി ബാജി ഓടംവേലി കൃതജ്ഞത പറഞ്ഞു.